കേരള സർക്കാർ

# ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

# 1999-2000

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ ഷൊറണൂർ ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ചത്—2002

# ഇക്കണോമിക്സ് ആൻറ്

# സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ

# ഭരണ റിപ്പോർട്ട്

# 1999-2000

©
കേരള സർക്കാർ
2002

കേരള സർക്കാർ

# ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

ജി. ഒ. (ആർ. റ്റി) നം. 441/01/പ്ലാനിംഗ്

തിരുവനന്തപുരം, 20-11-2001.

സംഗ്രഹം:—ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്—ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ 1999-2000 വർഷത്തെ ഭരണറിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—ഇക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറുടെ 25-5-2000-ലെ പി. ബി, (1) 1530/2000/ഡി. ഇ. എസ്. നമ്പർ കത്ത്.

## ഉത്തരവ്

1. രേഖപ്പെടുത്തി.

2. റിപ്പോർട്ട് വർഷത്തിൽ ശ്രീ. യു. തോമസ് സ്ലീബ ഡയറക്ടറായിരുന്നു,

3. വകുപ്പിൻെറ വിവിധ പ്രവർത്തനങ്ങൾ:

(1) കാർഷിക സ്ഥിതിവിവര കണക്കുകൾ:—ബ്ലോക്ക് തലത്തിലുള്ള കാർഷികാസൂത്രണം ലക്ഷ്യമാക്കി 1987-88-ൽ ആരംഭിച്ച സാമ്പിൾ സർവേ പദ്ധതി പ്രകാരമുള്ള കാർഷിക വിളകളുടെ ഉല്പാദനവും വിസ്തൃതിയും കണക്കാക്കുന്ന നടപടി സംസ്ഥാനത്തിൻെറ ഭരണപരവും പുരോഗമനപരവുമായ കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നു.

(2) കാർഷിക സെൻസസ്:—പൂർണ്ണ കേന്ദ്രസഹായത്തോടുകൂടി അഖിലേന്ത്യാതലത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തിവരുന്ന ഈ സർവേ, റിപ്പോർട്ടുവർഷത്തിലും തുടർന്നു. 1995-96 അടിസ്ഥാനവർഷമാക്കിയുള്ള ആറാമത് സെൻസസ് പ്രവർത്തനങ്ങളാണ് 1999-2000 വർഷത്തിലും നടത്തിയത്.

(3) കൃഷിച്ചെലവു സർവേ:—കർഷകർക്ക് അവരുടെ ഉല്പാദനങ്ങൾക്ക് മാന്യമായ വില ലഭിക്കുന്നതിനും കൃഷി ചെലവുകളെ സംബന്ധിച്ചുള്ള വസ്തുനിഷ്ഠമായ വാർഷിക സ്ഥിതിവിവരക്കണക്കുകൾ എടുക്കുന്നതിനും ലക്ഷ്യമാക്കിയുള്ള ഈ സർവേ ഉപയോഗപ്പെടുത്തി റിപ്പോർട്ട് വർഷത്തിൽ നെല്ല് (മൂന്ന് സീസൺ), തെങ്ങ്,

മരച്ചീനി, കുരുമുളക്, ഏത്തവാഴ എന്നീ വിളകളെക്കുറിച്ചുള്ള വിവരം ശേഖരിക്കുകയുണ്ടായി. 1993-94 കാർഷിക വർഷത്തെ കൃഷിച്ചെലവ് സർവേ റിപ്പോർട്ടിന്റെ പ്രസിദ്ധീകരണ ജോലികൾ റിപ്പോർട്ടു വർഷത്തിൽ നടത്തി.

(4) വ്യാവസായിക സ്ഥിതിവിവര കണക്ക്:—ആസൂത്രിത സാമ്പത്തിക വികസനത്തിൽ സംഘടിത വ്യവസായ മേഖല വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഈ മേഖലയുടെ ഘടനാപരമായ പ്രവർത്തനവും വളർച്ചയും വർഷംതോറും നടത്തുന്ന ഫീൽഡ് സർവേകളിലൂടെയാണ് വിലയിരുത്തുന്നത്. ഇന്ത്യാഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷനാണ് വിവിധ രീതികളിൽ ഈ വിലയിരുത്തലിന് ആവശ്യമായ കണക്കുകൾ ശേഖരിക്കുന്നത്.

റിപ്പോർട്ട് വർഷത്തിൽ 1997-98-ലെ റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ ചെയ്തു.

സർവേ ആന്റ് സ്ററഡീസ് വിഭാഗം:

(5) വിദേശ കേരളീയരെ സംബന്ധിച്ചുള്ള സർവേ:—വിദേശ കുടിയേററക്കാരുടെ അടിസ്ഥാന വിവരങ്ങളും കുടുംബസ്ഥിതിയും കണക്കാക്കുക, വിദേശങ്ങളിൽ നിന്നും മടങ്ങിവരുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുക, കേരളത്തിൽ എത്തിക്കൊണ്ടിരിക്കുന്ന വിദേശ പണത്തിന്റെ ഏകദേശ കണക്കും അവയുടെ വിനിയോഗവും കണക്കാക്കുക, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിദേശ സമ്പത്തിന്റെ സ്വാധീനം കണക്കാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ മൾട്ടിസ്റേറജ് സാംപ്ലിംഗ് മുഖേന വിവരങ്ങൾ ശേഖരിച്ചിട്ടുള്ള ഒരു പഠനമാണ് ഇത്. കേരളത്തിലെ മൊത്തം 65 ലക്ഷം വീടുകളിൽ നിന്നും തിരഞ്ഞെടുത്ത 2% വീടുകളിലാണ് (ഏകദേശം 1.30 ലക്ഷം) ഈ സർവേ നടത്തിയത്. 1999 മാർച്ചിൽ സർവേയുടെ ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തിയായി.

(6) വ്യാവസായിക ഉല്പാദന സൂചിക:—സംസ്ഥാനത്തെ വ്യാവസായിക വളർച്ച കണക്കാക്കുന്നതിന് വ്യാവസായിക ഉല്പാദന സൂചിക സഹായിക്കുന്നു 1997-98 വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു 1998-99 വർഷത്തിലെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വ്യവസായ ഉല്പാദനമൊത്തവിലനിലവാര സൂചിക വ്യവസായ ഉല്പന്നങ്ങളുടെ മൊത്തവിലയിൽ വന്നിട്ടുള്ള മാററങ്ങൾ മനസ്സിലാക്കുന്നതിന് ഉല്പന്നങ്ങളുടെ മൊത്തവില ശേഖരിച്ച് വിലനിലവാര സൂചിക തയ്യാറാക്കി വരുന്നു. 1996-97 വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു, 1997-98, 1998-99 വർഷങ്ങളിലെ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

(7) സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം:—കേരളത്തിന്റെ വരുമാന നിർണ്ണയത്തിന് അത്യാവശ്യമായ വിവരങ്ങൾ വിവിധ തലങ്ങളിൽനിന്നു ശേഖരിച്ച് അവ ക്രോഡീകരിച്ചു സംസ്ഥാനത്തിന്റെയും ജില്ലകളുടെയും മൊത്തവരുമാനവും ആളോഹരി വരുമാനവും തിട്ടപ്പെടുത്തുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന പ്രവർത്തനം.

ഇതിനു പുറമെ കാലാകാലങ്ങളിൽ ലഭ്യമാകുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻവർഷങ്ങളിലെ സംസ്ഥാന വരുമാനം പുനർനിർണ്ണയിക്കുകയും ചെയ്യുന്നു. ഇത്തവണയും ഈ പ്രക്രിയ തുടർന്നു.

(8) പ്രൈസസ് വിഭാഗം;—അവശ്യ സാധനങ്ങളുടെ ദൈനംദിന ചില്ലറ വിലയും ആഴ്ച അവസാന ചില്ലറ വിലയും സംസ്ഥാനത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ചു ക്രോഡീകരിച്ചു ഗവൺമെൻറിലേക്ക് വിവിധ ഏജൻസികൾ മുഖേന അയച്ചു വരുന്നു. കാർഷിക വ്യാവസായിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃവില സൂചിക വനവിഭവങ്ങളുടെ വില ശേഖരിക്കൽ, ആയുർവേദ മരുന്നുകളുടെ വില ശേഖരിക്കൽ. മാർക്കററ് ഇൻറലിജൻസ് പദ്ധതി, കാർഷിക ധന സംബന്ധമായ ഇൻഡക്സ് സീരീസ് പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനവും 1999-2000-ൽ തുടരുന്നു.

(9) ജനസംഖ്യാപഠന വിഭാഗം :—സംസ്ഥാനത്തൊട്ടാകെയുള്ള ജനനമരണ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി റിപ്പോർട്ടു വർഷവും തുടരുന്നു.

സിവിൽ രജിസ്ട്രേഷൻ സംബന്ധിച്ച ജോലികൾ, സ്പോട്ട് ചെക്ക് സർവേ, പട്ടണ പ്രദേശങ്ങളിലെ സ്ഥിര താമസക്കാരുടെ ജനനമരണ നിരക്കുകളെപ്പററിയുള്ള പഠനം, മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കാസ് ഓഫ് ഡെത്ത് സർവേ എന്നീ പദ്ധതികൾ നടപ്പുവർഷവും തുടർന്നുവരുന്നു.

(10) സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി :—ജന.സംഖ്യാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 150 സാമ്പിളുകളിലും എന്യൂമറേററർമാർ ജനനവും മരണവും കൃത്യമായി രജിസ്ററർ ചെയ്യുകയും മാസാന്ത്യം ത്രൈമാസ റിപ്പോർട്ടുകൾ അയച്ചു തരികയും അവയുടെ സംഗ്രഹം ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു. നടപ്പു വർഷത്തിൽ 67, 68 എന്നീ രണ്ട് അർദ്ധവാർഷിക സർവേകൾ നടത്തുകയും പ്രസ്തുത സർവേയുടെ ഫലം പരിശോധിച്ച് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 69-ാമത് സർവേയുടെ ഫീൽഡ് ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതിയുടെ 1995-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(11) വേതന ഘടന സർവേ :—സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലും ഉള്ള മൊത്ത വ്യാപാര സ്ഥാപനങ്ങളിലും ചില്ലറ വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെയും കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നവരുടെയും ശരാശരി വേതനം കണക്കാക്കുന്നതിനായി വേതന ഘടന സർവേ നടത്തുന്നു. 1997-2002 കാലയളവിലെ സർവേയാണ് റിപ്പോർട്ട് വർഷം ചെയ്തിരുന്നത്. 1997-98 വരെയുള്ള വിവരങ്ങൾ ഇപ്രകാരം ശേഖരിച്ചു വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

വ്യാപാര വാണിജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശരാശരി മാസവേതനവും. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ശരാശരി ദിവസ വേതനവും വേർതിരിച്ച് പ്രത്യേകം പട്ടികയായി തയ്യാറാക്കിയിട്ടുണ്ട്,

(12) ദേശീയ സാമ്പിൾ സർവേ :—ആസൂത്രണത്തിനും, നയ രൂപീകരണത്തിനും ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനായി ഭാരത സർക്കാരിന്റെ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ നടത്തി വരുന്ന സർവേ റിപ്പോർട്ട് വർഷത്തിലും തുടരുകയുണ്ടായി.

(13) സാമ്പത്തിക സെൻസസ് :—സാമ്പത്തിക മേഖലയുടെ വിവിധ ഘടകങ്ങളിലൊന്നായ അസംഘടിത മേഖലകളിലെ പ്രത്യേകിച്ചും കാർഷികേതര മേഖലയിലെ സ്ഥിതിവിവരങ്ങളുടെ കുറവു നികത്തുക എന്ന കാഴ്ചപ്പാടോടെ ആരംഭിച്ച ഈ സെൻസസ് റിപ്പോർട്ട് വർഷത്തിലും തുടർന്നു.

(14) പ്രസിദ്ധീകരണ വിഭാഗം :—ഈ വകുപ്പു നടത്തുന്ന സർവേകളും പഠനങ്ങളും അവയുടെ റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. സ്ഥിതിവിവര കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ചുമതലയും ഈ വിഭാഗത്തിന്റേതാണ്.

(15) ഫാമിലി ബഡ്ജററ് സർവേ:—സർവേ റിപ്പോർട്ട് ഉണ്ടാക്കുക, പുതിയ ഇൻഡക്സ് കണക്കുകൂട്ടുക, ലിങ്കിംഗ് ഫാക്ടർ കണ്ടു പിടിക്കുക തുടങ്ങിയ ജോലികളുമായി ബന്ധപ്പെട്ട ഈ സർവേയുടെ റിപ്പോർട്ട് കമ്മിററിക്ക് സമർപ്പിച്ചിട്ടുണ്ട്.

4. ചെലവ്:

റിപ്പോർട്ട് വർഷത്തിൽ പദ്ധതിയിനത്തിൽ ആകെ 649.42 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ ആകെ 987.18 ലക്ഷം രൂപയും ചെലവഴിച്ചു.

റിപ്പോർട്ട് വർഷത്തിൽ വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

ശാന്തമ്മ ചെറിയാൻ,

അഡീഷണൽ സെക്രട്ടറി

# ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 1999-2000-ലെ ഭരണ റിപ്പോർട്ട്

## ആമുഖം

| | | |
|---|---|---|
| വകുപ്പുമന്ത്രി | .. | ശ്രീ. ഇ. കെ. നായനാർ |
| വകുപ്പു സെക്രട്ടറി | .. | ,, കെ. എൻ. കുറുപ്പ് |
| വകുപ്പ് അദ്ധ്യക്ഷൻ | .. | ,, യു. തോമസ് സ്ലീബ |
| അഡീഷണൽ ഡയറക്ടർമാർ | .. | (1) ശ്രീ. എ. മീരാസാഹിബ് |
| | | (2) ,, എം. ആർ. ബാലകൃഷ്ണൻ |
| | | (3) ശ്രീമതി എം. എസ്. വത്സല |

കേരളത്തിലെ സ്ഥിതിവിവരക്കണക്കുകളുടെ മുഖ്യ സ്രോതസ്സായ ഈ വകുപ്പ് 1951–ൽ ബോർഡ് ഓഫ് സ്ററാററിസ്ററിക്സ് ആയും 1954–ൽ സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറ് എന്ന പ്രത്യേക വകുപ്പായും രൂപംകൊണ്ടു. തുടർന്ന് 1963–ൽ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കേണ്ട ഒരു മേജർ വകുപ്പായി മാറി. ഇപ്പോൾ ഡയറക്ടറേററ് ഓഫ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ആയി പ്രവർത്തിച്ചു വരുന്നു. സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ ശേഖരണം, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ മുഖ്യ ഘടകമായി നിലകൊള്ളുന്നു. സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്കു സർക്കാരിൻെറ ഒരു ഉപദേശ ഘടകമായും സ്ററാററിസ്ററിക്കൽ അതോറിററിയായും പ്രവർത്തിക്കുന്നു.

സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകളുടെ ആധികാരികമായ റിപ്പോർട്ടുകൾ വിശകലനം ചെയ്തു കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മററു സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചുകൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെടുന്നു. തൻമൂലം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ഈ വകുപ്പ് പ്രധാന പങ്കു വഹിക്കുന്നു.

## കാർഷിക സ്ഥിതിവിവരക്കണക്കുകൾ

### അതാതു കാർഷിക വർഷങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവ്വെ (ഇ. എ. ആർ. എ. എസ്.)

1975–76–നു മുമ്പുവരെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ തിട്ടപ്പെടുത്തിയിരുന്നത് വർഷാവർഷങ്ങളായി നടത്തിയിരുന്ന ഭൂവിനിയോഗ സർവ്വേയുടെ അടിസ്ഥാനത്തിലാണ്. താലൂക്ക് തലത്തിലോ സംസ്ഥാന തലത്തിലോ മാത്രം നടത്തിയിരുന്ന സർവ്വേകൾക്കു നിശ്ചിത ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല.

ഇത്തരുണത്തിൽ ഭാരതസർക്കാരിൻെറ 50% സാമ്പത്തിക സഹായത്തോടു കൂടി ടി. ആർ. എസ്-ൻെറ ഭാഗമായി ലാൻഡ് റെക്കോർഡ് ഇല്ലാത്ത സംസ്ഥാനങ്ങളായ പശ്ചിമ ബംഗാൾ, ഒറീസ്സ എന്നിവയോടൊപ്പം കേരളത്തിലും ഇ. എ. ആർ. എ. എസ്. എന്ന പദ്ധതി നടപ്പിലാക്കി. ഓരോ കാർഷിക വർഷവും തിരഞ്ഞെടുക്കപ്പെട്ട 20% വില്ലേജുകളുടെ പരിപൂർണ്ണ പഠനം നടത്തി വിസ്തൃതിയും ഉൽപ്പാദനവും കണക്കാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. മൂന്നു പഠനങ്ങൾ ഈ രീതിയിൽ നടത്തി. ഇങ്ങനെ നടത്തുന്ന സർവ്വേയിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മാത്രമേ വിവരങ്ങൾ കണക്കാക്കപ്പെട്ടുള്ളു. താഴെ തലത്തിലുള്ള അപഗ്രഥനത്തിന് ഈ പഠനം കൊണ്ട് സഹായകമായില്ല.

ഭാരത സർക്കാരിൻെറ ക്രോപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ആഗമനത്തോടെ ബ്ലോക്കു തലത്തിലുള്ള കാർഷികാപഗ്രഥനം അനിവാര്യമായിത്തീർന്നു. ഇത്തരുണത്തിൽ 1987–88 മുതൽ സാമ്പിൾ സർവ്വേ മുഖേന വിസ്തൃതിയും ഉൽപ്പാദനവും കണക്കാക്കാൻ ആരംഭിച്ചു. ഇ. എ. ആർ. എ. എസ്. എന്ന സ്കീമിൻെറ ഉദ്ദേശ്യം ഭൂവിനിയോഗം ഭൂവിസ്തൃതി, കാർഷികോൽപ്പാദനം എന്നിവയുടെ സ്ഥിതിവിവര കണക്കു ചെറിയ യൂണിററായ ബ്ലോക്കു തലത്തിൽ ക്രോഡീകരിക്കുകയാണ്. ഇതിനായി 10 ചതുരശ്ര കിലോമീററോ അതിലധികമോ വിസ്തൃതിയുള്ള ബ്ലോക്ക്, സിററി കോർപ്പറേഷൻ, മുനിസിപ്പാലിററി എന്നിവയെ പ്രത്യേകം സ്ട്രാററം ആയി കണക്കാക്കുന്നു. ബ്ലോക്കുകളെ അവയുടെ വിസ്തൃതിയും ഘടനയും അനുസരിച്ച് പല ഇൻവെസ്ററിഗേററർ സോൺ ആയി തിരിക്കുന്നു. സിററി കോപ്പറേഷൻ ഓരോന്നും മൂന്ന് ഇൻവെസ്ററിഗേററർ സോൺ വീതം തിരിക്കുന്നു. 10 ചതുരശ്ര കിലോമീറററിൽ അധികം വിസ്തൃതിയുള്ള ഓരോ മുനിസിപ്പാലിററിയേയും ഓരോ ഇൻവെസ്ററിഗേററർ സോൺ ആയി കണക്കാക്കുന്നു. സർവ്വേയ്ക്കുവേണ്ടി ഓരോ ഇൻവെസ്ററിഗേററർ സോണിലും 5 സർവ്വേ നമ്പർ വീതമുള്ള 100 ക്ലസ്ററുകൾ തിരഞ്ഞെടുത്ത് വിസ്തീർണ്ണത്തിന് ആനുപാതികമായി കര–നില ഭാഗങ്ങളിലേക്കു വിഭജിക്കുന്നു. ഈ ക്ലസ്ററുകൾ സർക്കുലർ സിസ്ററമാററിക് സാംപ്ലിംഗ് പ്രകാരം തിരഞ്ഞെടുക്കുന്നു. ഇവയിൽ നിന്നും ഓരോ വിളയുടേയും വിസ്തീർണ്ണവും, വിളപരീക്ഷണം നടത്തി ഉൽപ്പാദനം കണക്കാക്കുകയും അവ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ക്രോഡീകരിക്കുകയും ചെയ്യുന്നു. ഇങ്ങനെ വർഷാവർഷങ്ങളിൽ കണക്കാക്കപ്പെടുന്ന കാർഷിക വിളകളുടെ ഉൽപ്പാദനവും വിസ്തൃതിയും സംസ്ഥാനത്തിൻെറ ഭരണപരവും പുരോഗമനപരവുമായ കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നു.

1999–2000–ൽ പൂർത്തിയായ സർവ്വേ ജോലികൾ:—നെല്ല് ഉൽപ്പാദനത്തിൽ പുഞ്ച ഒഴികെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രധാന കാർഷിക വിളകളുടേയും തൻ വർഷത്തിലെ തിരഞ്ഞെടുക്കപ്പെട്ട വിളകളായ കരിമ്പ്, കൈതച്ചക്ക, മഞ്ഞൾ എന്നീ വിളകളുടേയും ഏരിയ എന്യൂമറേഷൻ പൂർത്തിയാക്കുകയും വിള പരീക്ഷണം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇംപ്രൂവ്മെൻറ് ഓഫ് ക്രോപ്പ് സ്ററാററിസ്ററിക്സ് എന്ന സ്കീമിൻെറ കീഴിലെ സാമ്പിൾ ചെക്കിലെ തൻവർഷത്തെ ഏരിയ എന്യൂമറേഷനും (പുഞ്ച ഒഴികെ) എ. എസ് (1.0) വിളപരീക്ഷണവും എ (2.0) പൂർത്തിയായി.

പൂർത്തിയായ ടാബുലേഷൻ ജോലികൾ:—1997-98 കാർഷിക വർഷംവരെയുള്ള തിരഞ്ഞെടുക്കപ്പെട്ട എല്ലാ വിളകളുടേയും ഉൽപ്പാദനവും വിസ്തൃതിയും കണക്കാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. 1999–2000 കാർഷിക വർഷത്തിലെ മുണ്ടകൻ സീസൺ വരെയുള്ള നെല്ലിന്റെ ഉൽപ്പാദനവും വിസ്തൃതിയും കണക്കാക്കുകയും ജനറൽ ഇൻഷ്വറൻസിന് സമർപ്പിക്കുകയും ചെയ്തു. 1999–2000 വർഷം മുണ്ടകൻ സീസൺ വരെയുള്ള സാമ്പിൾ ചെക്കിലെ വിസ്തൃതിയുടേയും, വിള പരീക്ഷണത്തിന്റേയും ടാബുലേഷൻ പൂർത്തിയായി വരുന്നു.

## കാർഷിക സെൻസസ്

പൂർണ്ണ കേന്ദ്ര സഹായത്തോടുകൂടി അഖിലേന്ത്യാ തലത്തിൽ അഞ്ചുവർഷത്തിലൊരിക്കൽ നടത്തിവരുന്ന സർവ്വേയാണിത്. സർവ്വേ നടത്തുന്നത് അഞ്ചുവർഷത്തിലൊരിക്കലാണെങ്കിലും സർവ്വേയുടെ തയ്യാറെടുപ്പുകൾക്കും ഫീൽഡ് സർവ്വെ നടത്തിക്കഴിഞ്ഞ് അവയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കി കൊടുക്കുന്നതിനും മററുമായി അഞ്ചുവർഷക്കാലം മുഴുവനും ജോലി തുടരുന്നു.

20% പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകളിലാണ് ഓരോ തവണയും സെൻസസ് നടത്തുന്നത്. 1995–96 അടിസ്ഥാന വർഷമാക്കിയുള്ള ആറാമതു സെൻസസ് പ്രവർത്തനങ്ങളുടെ തുടർച്ചയാണ് 1999–2000 വർഷത്തിൽ നടത്തിയത്. സെൻസസിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:—

(1) കൈവശ ഭൂമിയുടെ വിസ്തീർണ്ണാടിസ്ഥാനത്തിലുള്ള വിതരണം.

(2) കൈവശ ഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുള്ള വിതരണം.

(3) കൈവശാനുഭവത്തിന്റെ സ്വഭാവം അനുസരിച്ചുള്ള വിതരണം.

(4) കാർഷിക വിളകളുടെ വിസ്തീർണ്ണം.

(5) വസ്തു, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം.

1990–91-ലെ അഗ്രികൾച്ചറൽ സെൻസസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട റിപ്പോർട്ടുകളും 1991–92-ലെ ഇൻപുട്ട് സർവ്വേയുടെ റിപ്പോർട്ടുകളും പ്രിന്റു ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

1995–96 വർഷം കേരളത്തിലാകെയുണ്ടായിരുന്ന 12,198 പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ വാർഡുകളിൽ 2465 വാർഡുകളിലാണ് ആറാമത് സെൻസസിന്റെ ഭാഗമായി സർവ്വേ നടത്തിയത്. വകുപ്പുദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം തിരഞ്ഞെടുക്കപ്പെട്ട എന്യൂമറേറർമാരാണ് ഫീൽഡു സർവ്വേ നടത്തിയത്. ലിസ്ററിംഗ് ജോലിയിൽ നിന്നും കിട്ടിയ വിവരം ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന് ആവശ്യമായ

റിപ്പോർട്ടുകൾ നൽകി. ഒരു പ്രഥമ വിവര റിപ്പോർട്ടും ഈ വർഷം തയ്യാറാക്കിയിട്ടുണ്ട്. എച്ച് ഷെഡ്യൂളുകളുടെ വിശദമായ സൂക്ഷ്മ പരിശോധനയ്ക്ക് റിപ്പോർട്ടു വർഷം പരിശീലനം നൽകുകയും ആയതു ജില്ലാ തലത്തിൽ പൂർത്തിയാക്കുകയും ചെയ്തു.

1996-97 അടിസ്ഥാന വർഷമായി ഇൻപുട്ട് സർവ്വേ ആകെയുള്ള പഞ്ചായത്തു വാർഡുകളുടെ ഏഴു ശതമാനം വരുന്ന 720 വാർഡുകളിലാണ് നടത്തിയത്. വകുപ്പുദ്യോഗസ്ഥർ നേരിട്ടാണ് ടി സർവ്വേയുടെ ഫീൽഡുവർക്ക് നടത്തിയത്. മുൻവർഷം ആരംഭിച്ച ഫീൽഡു ജോലികൾ റിപ്പോർട്ടു വർഷം പൂർത്തിയാക്കി. മാത്രമല്ല ജില്ലാ തലത്തിൽ ഇൻപുട്ട് ഷെഡ്യൂളുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് പരിശീലനം നൽകുകയും ആയതു ജില്ലാതലത്തിൽ പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കു പുരോഗതി റിപ്പോർട്ട് മാസംതോറും അയച്ചു കൊടുക്കുന്നുണ്ട്.

എച്ച് ഷെഡ്യൂളുകളുടെ ടാബുലേഷൻ ജോലികൾ നിർവഹിക്കുന്നത് വകുപ്പുതല കമ്പ്യൂട്ടർ ഡിവിഷനിലാണ്. 8 ജില്ലകളുടെ ഡേററാ എൻട്രി ജോലി നടപ്പുവർഷം പൂർത്തിയാക്കിയിട്ടുണ്ട്. അവയുടെ പ്രോസസിംഗിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള ജോലികൾ നടന്നുവരുന്നു.

സർവ്വേയുടെ നടത്തിപ്പിനായി ഹെഡ്ക്വാർട്ടേഴ്സിൽ അനുവദിച്ചിരിക്കുന്ന തസ്തികകളുടെ വിവരം താഴെ ചേർക്കുന്നു:

| | | |
|---|---|---|
| ജോയിൻറ് ഡയറക്ടർ | .. | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | .. | 1 |
| അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് | .. | 1 |
| റിസർച്ച് അസിസ്ററൻറ് | .. | 2 |
| കോൺഫിഡൻഷ്യൽ അസിസ്ററൻറ് | .. | 1 |
| എൽ. ഡി. കമ്പയിലർ | .. | 2 |
| എൽ. ഡി. ടൈപ്പിസ്ററ് | .. | 1 |
| പ്യൂൺ | .. | 1 |

ഈ തസ്തികകൾ റിപ്പോർട്ടു വർഷവും തുടരുകയുണ്ടായി. ഈ സർവ്വേയ്ക്കു 30 ലക്ഷം രൂപയുടെ പദ്ധതി സംസ്ഥാന സർക്കാർ 1999-2000 വർഷം അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാരിൽനിന്നും 15.24 ലക്ഷം രൂപ റിപ്പോർട്ടുവർഷം ലഭിക്കുകയുണ്ടായി.

## കൃഷിച്ചിലവു സർവ്വേ

കൃഷിച്ചിലവുകളെ സംബന്ധിച്ചുള്ള കൃത്യവും വസ്തുനിഷ്ഠവുമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനു വേണ്ടിയുള്ള സർവ്വേയാണ് ഇത്. റിപ്പോർട്ടു വർഷത്തിൽ (1999-2000) നെല്ല് (മൂന്നു സീസൺ), തെങ്ങ്, മരച്ചീനി, കുരുമുളക്, ഏത്തവാഴ എന്നി

വിളകളെക്കുറിച്ചും വിവരങ്ങൾ ശേഖരിച്ചു വരുന്നു. 1993–94 കാർഷിക വർഷത്തെ കൃഷിച്ചിലവു സർവ്വേ റിപ്പോർട്ടിന്റെ പ്രസിദ്ധീകരണ ജോലികൾ നടന്നുവരുന്നു. 1994–95, 1995–96, 1996–97, 1997–98 വർഷങ്ങളിലെ കരടുരൂപം തയ്യാറാക്കി. 1998–99 വർഷത്തെ ടാബുലേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## വ്യവസായ സ്ഥിതി വിവരക്കണക്കു വിഭാഗം

ആസൂത്രിത സാമ്പത്തിക വികസനത്തിൽ സംഘടിത വ്യവസായ മേഖല വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഈ മേഖലയുടെ ഘടനാപരമായ പ്രവർത്തനവും വളർച്ചയും വർഷംതോറും നടത്തുന്ന ഫീൽഡ് സർവേകളിലൂടെയാണ് വിലയിരുത്തുന്നത്. ഇന്ത്യാ ഗവൺമെൻറിന്റെ കീഴിലുള്ള നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷനാണ് വിവിധ രീതികളിൽ ഈ വിലയിരുത്തലിനു ആവശ്യമായ കണക്കുകൾ ശേഖരിക്കുന്നത്.

ഇങ്ങനെ ശേഖരിക്കപ്പെടുന്ന കണക്കുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള അവലോകനത്തിനു നല്കുന്ന വിധം വിവിധ സൂചകങ്ങൾ തയ്യാർ ചെയ്യുന്നതിനുവേണ്ടി ക്രോഡീകരിക്കുകയും ഇൻഡസ്ട്രി ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ അപഗ്രഥനം നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയുമാണ് വ്യവസായ സ്ഥിതിവിവരകണക്കു വിഭാഗത്തിന്റെ മുഖ്യമായ ചുമതല. കൂടാതെ ശേഖരണത്തിനായി വ്യവസായ മേഖലയിലെ വിവിധ യൂണിറ്റുകളുടെ അടിസ്ഥാന ഫ്രെയിം തയ്യാറാക്കുന്നതിനും പുതുക്കുന്നതിനുംവേണ്ടി സംസ്ഥാനത്തിലെ മററു ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിക്കുന്ന പ്രവർത്തനങ്ങളും ഈ വിഭാഗം നടത്തുന്നു. ഇതിനുപരിയായി സംസ്ഥാനത്തിന്റെ വരുമാനം കണക്കാക്കുന്നതിനായി സർവ്വേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ അത്യന്താപേക്ഷിതമാണ്.

1997-98 കാലഘട്ടത്തിലേയ്ക്കുള്ള സംസ്ഥാന വരുമാനം കണക്കാക്കുന്നതിനായി എ. എസ്. ഐ. ഷെഡ്യൂളിന്റെ ടാബുലേഷൻ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## സർവ്വേ ആൻറ് സ്ററഡീസ്

(1) വിദേശ കേരളീയരെ സംബന്ധിച്ചുള്ള സർവ്വേ:—വിദേശ കുടിയേററക്കാരുടെ അടിസ്ഥാന വിവരങ്ങളും കുടുംബസ്ഥിതിയും കണക്കാക്കുക, വിദേശങ്ങളിൽ നിന്നും മടങ്ങിവരുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുക, കേരളത്തിൽ എത്തിക്കൊണ്ടിരിക്കുന്ന വിദേശ പണത്തിന്റെ ഏകദേശകണക്കും അവയുടെ വിനിയോഗവും കണക്കാക്കുക, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിദേശ സമ്പത്തിന്റെ സ്വാധീനം കണക്കാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ മൾട്ടിസ്റേറജ് സാംപ്ലിംഗ് മുഖേന വിവരങ്ങൾ ശേഖരിച്ചിട്ടുള്ള ഒരു പഠനമാണ് ഇത്. കേരളത്തിലെ മൊത്തം 65 ലക്ഷം വീടുകളിൽ നിന്നും തെരഞ്ഞെടുത്ത 2% വീടുകളിലാണ് (ഏകദേശം 1.30 ലക്ഷം) ഈ സർവ്വേ നടത്തിയത്. 1999 മാർച്ചിൽ സർവ്വേയുടെ ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തിയായി.

സർക്കാരിന് ഒരു അടിയന്തിര ഇടക്കാല റിപ്പോർട്ട് നൽകുന്നതിലേക്കായി കമ്പ്യൂട്ടർ മാനുവൽ ടാബുലേഷൻ പൂർത്തിയായി. റിപ്പോർട്ട് തയ്യാറാക്കി വരുന്നു. അതോടൊപ്പംതന്നെ സർവ്വേ ഷെഡ്യൂളുകളുടെ ഡേറ്റാ എൻട്രി പ്രവർത്തനവും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

(2) കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുളളവരെ സംബന്ധിച്ച സർവ്വേ:—എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുളള അഭ്യസ്തവിദ്യരുടെ യഥാർത്ഥ തൊഴിൽ നിലവാരം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടിയുളള ഒരു സർവ്വേയാണ് ഇത്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്ററർ ചെയ്തിട്ടുളള ഏകദേശം 40 ലക്ഷം പേരിൽ നിന്നും ഉദ്ദേശം രണ്ടു ലക്ഷംപേരെ സിസ്ററമാററിക് റാൻഡം സാംപ്ലിംഗ് മുഖേന തെരഞ്ഞെടുത്തു വിവരങ്ങൾ ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്കീമിനുളള അനുമതി ഗവൺമെൻറിൽ നിന്നും പ്രതീക്ഷിക്കുന്നു.

## വ്യവസായ ഉല്പാദന സൂചിക വിഭാഗം

സംസ്ഥാനത്തെ വ്യാവസായിക വളർച്ച കണക്കാക്കുന്നതിന് വ്യാവസായിക ഉല്പാദന സൂചിക സഹായിക്കുന്നു. കേരള സർക്കാർ ഉത്തരവ് നമ്പർ 280/75/പ്ലാനിംഗ് പ്രകാരമാണ് ഈ സൂചിക തയ്യാറാക്കൽ ആരംഭിച്ചത്. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനാണ് ഈ സൂചിക തയ്യാറാക്കുന്നതിനുളള മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നത്. ത്രൈമാസിക ഉല്പാദന സൂചിക കണക്കാക്കി വാർഷിക റിപ്പോർട്ടുകൾ ആയി പ്രസിദ്ധീകരിക്കുന്നു. പൊതു സൂചിക 1970-ൽ 100 എന്ന അടിസ്ഥാനത്തിലാണ് 1975 വരെ സൂചിക തയ്യാററാക്കി വന്നത്. 1988-89 മുതൽ 1980-ൽ 100 എന്ന അടിസ്ഥാനത്തിൽ ഉല്പാദന സൂചിക തയ്യാററാക്കിവരുന്നു. 1997-98 വരെയുളള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 1998-99 വർഷത്തിൽ സൂചിക ത്രൈമാസ റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കാനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1999-2000 മുതൽ ത്രൈമാസ റിപ്പോർട്ടുകളായി പ്രസിദ്ധീകരിച്ചിരുന്ന സൂചിക മാസാന്തിക റിപ്പോർട്ടുകളായും അടിസ്ഥാന വർഷം 1980-81-ൽ നിന്ന് 1993-94 ആയി മാററാനുളള നടപടികൾ നടന്നുവരുന്നു.

## വ്യാവസായിക ഉല്പാദന മൊത്തവില നിലവാര സൂചിക

വ്യാവസായിക ഉല്പന്നങ്ങളുടെ മൊത്ത വിലയിൽ വന്നിട്ടുളള മാററങ്ങൾ മനസ്സിലാക്കുന്നതിനു ഉല്പന്നങ്ങളുടെ മൊത്തവില ശേഖരിച്ച് വിലനിലവാര സൂചിക തയ്യാറാക്കി വരുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി കണക്കാക്കി മൊത്തവില നിലവാര സൂചിക തയ്യാററാക്കി പ്രസിദ്ധീകരിക്കുന്നു. സംഘടിത, അസംഘടിത മേഖലയിലെ വിലകൾ പ്രത്യേകം പ്രത്യേകം ശേഖരിക്കുകയും സൂചിക തയ്യാററാക്കുകയും ചെയ്യുന്നു. 1996-97 വരെയുളള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 1997-98, 1998-99 വർഷങ്ങളിലെ റിപ്പോർട്ടുകൾ പ്രസിദ്ധീകരണത്തിന് തയ്യാററായിട്ടുണ്ട്.

## സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം

കേരളത്തിൻെറ വരുമാന നിർണ്ണയത്തിന് അത്യാവശ്യമായ വിവരങ്ങൾ വിവിധ തലങ്ങളിൽ നിന്ന് ശേഖരിച്ച് അവ ക്രോഡീകരിച്ച് സംസ്ഥാനത്തിൻേറയും ജില്ലകളുടേയും മൊത്തവരുമാനവും ആളോഹരി വരുമാനവും തിട്ടപ്പെടുത്തുകയാണ് ഈ വിഭാഗത്തിൻെറ പ്രധാന പ്രവർത്തനം. ഇതിനുപുറമേ കാലാകാലങ്ങളിൽ ലഭ്യമാകുന്ന കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി മുൻ വർഷങ്ങളിലെ സംസ്ഥാന വരുമാനം പുനർനിർണ്ണയിക്കുകയും ചെയ്യുന്നു. ഇത്തവണയും ഈ പ്രക്രിയ തുടർന്നു.

ഈ വിഭാഗം നിർണ്ണയം ചെയ്യുന്ന സംസ്ഥാന വരുമാനം കേന്ദ്ര സർക്കാരിൻെറ സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനുമായി വിശദമായ ചർച്ചയ്ക്കു ശേഷം വേണ്ട ഭേദഗതികൾ വരുത്തി ആസൂത്രണ ബോർഡിനും മററ് ഏജൻസികൾക്കും നല്കുന്നു. ഇതിൻെറ ഭാഗമായി നടപ്പുവർഷം 1993-94 അടിസ്ഥാന വർഷമായി കണക്കാക്കി 1993-94 മുതൽ 1995-96 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ പുനർ നിർണ്ണയം നടത്തുകയും 1996-97-ലെ എസ്ററിമേററുകളും ചേർത്ത് ആസൂത്രണ വകുപ്പിനും മററും നല്കുകയുണ്ടായി.

സംസ്ഥാന ബഡ്ജററ് തരംതിരിവ് നടത്തുന്ന വിഭാഗത്തിൽ 1997-98 വർഷത്തെ വരവു ചെലവു കണക്കുകൾ ആയിരുന്നു ടി വർഷം കൈകാര്യം ചെയ്തിരുന്നത്. ടി കണക്കുകൾ സാമ്പത്തിക പരമായും ഉദ്ദേശപരമായും സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻെറ നിർദ്ദേശാനുസരണം തരം തിരിച്ച് ക്രോഡീകരിച്ച് പട്ടിക തയ്യാറാക്കുകയുണ്ടായി. കൂടാതെ ടി വിഭാഗത്തിൽ നിന്നും പ്രസിദ്ധീകരിച്ചു വരുന്ന സാമ്പത്തികപരവും ഉദ്ദേശപരവുമായ തരംതിരിവ് എന്ന പുസ്തകം തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന പട്ടികകളും തയ്യാറാക്കുകയുണ്ടായി. 1991-92 മുതലുള്ള കണക്കുകൾ ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിൻെറ പ്രാരംഭ ജോലികൾ ആരംഭിച്ചുകഴിഞ്ഞു.

തദ്ദേശ സ്ഥാപനങ്ങളുടെ 1995-96, 1996-97, 1997-98 വർഷങ്ങളിലെ വരവു ചെലവു കണക്കുകളുടെ ക്രോഡീകരിക്കൽ തുടർന്നു വരുന്നു.

സംസ്ഥാനത്തിൻെറ മൂലധന സ്വരൂപണവും വിശകലനവും നടത്തുന്ന വിഭാഗത്തിൽ നിന്നുള്ള പ്രസിദ്ധീകരണത്തിനായി സംസ്ഥാന ബഡ്ജററിൻെറ 1989-90, 1990-91 വർഷങ്ങളിലെ സാമ്പത്തികപരവും ഉദ്ദേശപരവുമായ തരംതിരിവ് എന്ന പുസ്തകം അടിസ്ഥാനമാക്കി പ്രത്യേകം പ്രത്യേകം പട്ടികകൾ തയ്യാറാക്കി "മൂലധന സ്വരൂപണം 1989-90, 1990-91" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

1993-94 മുതൽ 1998-99 വരെയുള്ള മൊത്തവരുമാനവും ആളോഹരി വരുമാനവും കാണിക്കുന്ന പട്ടിക ഇതോടൊപ്പം ചേർക്കുന്നു.

| വർഷം | തനതു വർഷ വിലയിൽ | | അടിസ്ഥാന വർഷ വിലയിൽ | |
|---|---|---|---|---|
| | മൊത്ത വരുമാനം | ആളോഹരി വരുമാനം | മൊത്ത വരുമാനം | ആളോഹരി വരുമാനം |
| 1993-94 | 2340083 | 7788 | 2340083 | 7788 |
| 1994-95 | 2869722 | 9432 | 2560801 | 8417 |
| 1995-96 | 3508650 | 11390 | 2688706 | 8728 |
| 1996-97 | 4081890 | 13089 | 2818947 | 9039 |
| 1997-98 (താൽക്കാലികം) | 4792424 | 15195 | 2958618 | 9381 |
| 1998-99 (ശീഘ്രകണക്ക്) | 5656282 | 17756 | 3123972 | 9807 |

## ജനറൽ വിഭാഗം

### പ്രൈസസ്

(1) അവശ്യ സാധനങ്ങളുടെ ദൈനംദിന ചില്ലറവില (50 ഇനം) ഉം ആഴ്ച അവസാന വെള്ളിയാഴ്ച ചില്ലറ വില (20 ഇനം) ഉം സംസ്ഥാനത്തിലെ ആസ്ഥാനങ്ങളിൽ നിന്നും നാഷണൽ ഇൻഫർമാററിക് സെൻറർ മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് ഗവൺമെൻറിലേക്കും വിവിധ ഏജൻസികൾക്കും അയച്ചുതരുന്നു.

സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിൻെറ ആവശ്യ പ്രകാരം എല്ലാ ബുധനാഴ്ചത്തേയും 17 ഇനം ആവശ്യ സാധനങ്ങളുടെ വില തിരുവനന്തപുരം, എറണാകുളം എന്നി കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ചു വരുന്നു.

അവശ്യ സാധനങ്ങളുടെ ചില്ലറ വിലയുടെ പ്രവണത കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്കും മററു വിവിധ കേന്ദ്രങ്ങളിലേക്കും അയയ്ക്കുന്നു. സാധനങ്ങളുടെ വില വിവരം പഠനങ്ങൾക്കും റിപ്പോർട്ടുകൾക്കും വേണ്ടി റിസർവ് ബാങ്കിൻെറ വിഭാഗത്തിനും ഈ വകുപ്പിൽ നിന്നും നൽകിവരുന്നു.

കേന്ദ്ര സർക്കാരിൻെറ നിർദ്ദേശ പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നി മൂന്നു ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും എല്ലാ ബുധനാഴ്ചത്തേയും അവശ്യ സാധനങ്ങളുടെ ചില്ലറ വിലയും എല്ലാ മാസത്തേയും അവസാനത്തെ വെള്ളിയാഴ്ച ദിവസത്തെ പ്രധാനപ്പെട്ട ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ വിലയും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി കേന്ദ്ര സർക്കാരിൻെറ കൃഷി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിലേക്ക് അയച്ചുകൊടുക്കുന്നു.

(2) ഉപഭോക്തൃ വില സൂചിക.—താഴെപ്പറയുന്ന 15 തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ 1970=100 അടിസ്ഥാന വർഷമായിട്ടുളള ഉപഭോക്തൃ വില സൂചിക എല്ലാ മാസവും തയ്യാറാക്കി ദിന പത്രങ്ങളിലും; ഗസററിലും പ്രസിദ്ധീകരിക്കുന്നു:

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃ വില സൂചിക കാണിക്കുന്ന സ്റേറററുമെൻറുകൾ അവയുടെ ഗുണഭോക്താക്കളായ പ്രധാനപ്പെട്ട സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ട് അയച്ചു കൊടുക്കുന്നു. കേന്ദ്ര സർക്കാരിൻെറ തൊഴിൽ മന്ത്രാലയത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന സിംലയിലെ ലേബർ ബ്യൂറോയ്ക്കു വേണ്ടി 1999-2000 പുതിയ അടിസ്ഥാന വർഷമായി ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിക്കുന്നതിൻെറ ഭാഗമായി നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിൻെറ തൊഴിൽ മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സിംലയിലെ ലേബർ ബ്യൂറോയ്ക്കുവേണ്ടി ആലുവ, മുണ്ടക്കയം, കൊല്ലം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ നിന്നും 1982 അടിസ്ഥാന വർഷമായുളള വില സൂചിക കണക്കാക്കുന്നതിനുളള നിർദ്ദിഷ്ട സാധനങ്ങളുടെ വാരാന്ത്യ വിലകൾ ശേഖരിച്ച് അയച്ചു കൊടുക്കുന്നു.

1982 അടിസ്ഥാന വർഷമായി ലേബർ ബ്യൂറോ വ്യാവസായിക തൊഴിലാളികൾക്കുവേണ്ടി പ്രസിദ്ധം ചെയ്യുന്ന ഉപഭോക്തൃ വില സൂചിക ആവശ്യപ്പെടുന്ന മുറയ്ക്ക് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് അയച്ചു കൊടുക്കുന്നു.

(3) അലോപ്പതി, നാട്ടു ചികിൽസ, ഹോമിയോ, ജയിൽ, ഇ. എസ്. ഐ., സാമൂഹ്യക്ഷേമം, മൃഗശാല തുടങ്ങിയ വിവിധ വകുപ്പുകൾക്ക് ദർഘാസ് കരാറുകളുടെ തീർപ്പുകൾ സംബന്ധിച്ച് ആവശ്യത്തിനു വേണ്ടി ഭക്ഷ്യ സാധനങ്ങളുടെയും ആശുപത്രികൾക്കാവശ്യമായ അത്യാവശ്യ സാധനങ്ങളുടേയും കമ്പോള ചില്ലറവില സംസ്ഥാനത്തെ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് നൽകിവരുന്നു. ഭക്ഷ്യസാധനങ്ങളുടെ വില ശേഖരണം റിപ്പോർട്ടു വർഷത്തിലെ ജനുവരി, ഏപ്രിൽ, ജൂലായ്, ഒക്ടോബർ എന്നീ മാസങ്ങളിൽ ആരംഭിക്കുന്ന ത്രൈമാസങ്ങളായാണ് വിലകൾ നൽകുന്നത്. ഓരോ ത്രൈമാസത്തിൻേറയും വിലകൾ തൊട്ടു മുൻമാസത്തിലെ

രണ്ടാമത്തെ വെള്ളിയാഴ്ചയാണ് ശേഖരിക്കുന്നത്. കൂടാതെ ഓരോ വകുപ്പിനും ആവശ്യമായ നിർദ്ദിഷ്ട സാധനങ്ങളുടെ കമ്പോളവില റിപ്പോർട്ട് വർഷത്തിൽ ജനുവരിമാസം ശേഖരിച്ചു നൽകിവരുന്നു. പ്രസ്തുത വിലവിവരങ്ങൾ മെഡിക്കൽ കോളേജുകൾ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ മെഡിക്കൽ ആഫീസുകൾ, ക്ഷയരോഗ ആശുപത്രികൾ, കുഷ്ഠരോഗാശുപത്രികൾ, ജയിൽ ഇൻസ്പെക്ടർ ജനറൽ, മാനസിക രോഗാശുപത്രികൾ തുടങ്ങിയവർക്ക് അയച്ചു കൊടുത്തു വരുന്നു. കൂടാതെ വിലവിവരങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ അപേക്ഷാനുസരണം അയച്ചു കൊടുക്കുകയും ചെയ്യുന്നു.

(4) <u>ആയുർവേദ മരുന്നുകളുടെ വില ശേഖരിക്കൽ.</u>—ആയുർവേദ കോളേജുകളുടെ ആവശ്യപ്രകാരം ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നതിനാവശ്യമായ ഫലങ്ങൾ, ഇലകൾ വേരുകൾ, ക്ഷാരങ്ങൾ തുടങ്ങിയവയുടെ കമ്പോളവില ശേഖരിച്ച് തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നീ ആയുർവേദ കോളേജുകൾക്ക് അയച്ചുകൊടുക്കുന്നു.

(5) <u>വനവിഭവങ്ങളുടെ വില ശേഖരിക്കൽ.</u>—18 ഇനം വനവിഭവങ്ങളുടെ വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും മാസംതോറും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച് ഓരോ ത്രൈമാസത്തിലും ഫോറസ്ററ് ഡിപ്പാർട്ടുമെൻറിലേക്ക് നൽകുന്നുണ്ട്. ഇവയുടെ വാർഷിക വില അയൽ സംസ്ഥാനങ്ങളിലെ ബാംഗ്ലൂർ, മദ്രാസ്, മംഗലാപുരം, നാഗർകോവിൽ എന്നീ കേന്ദ്രങ്ങളിൽനിന്നും നേരിട്ടന്വേഷിച്ച് വനപാലകന് അയച്ചുകൊടുക്കുന്നു.

## മാർക്കററ് ഇൻറലിജൻസ് പദ്ധതി

ഉൽപ്പന്നങ്ങളുടെ വില വിവരം ആകെയുള്ള ഉല്പാദനം, ആവശ്യം കഴിഞ്ഞു വില്പനയ്ക്കു ലഭ്യമായ ഉല്പന്നങ്ങളുടെ അളവ്, കമ്പോളത്തിൽ ഉല്പന്നങ്ങളുടെ വരവും പോക്കും ശേഖരണം, ശേഖരണത്തിൻെറ ഫലമായി ഉണ്ടാകുന്ന നഷ്ടം, ഗവൺമെൻറ് തലത്തിൽ നടത്തുന്ന ക്രയവിക്രയം എന്നിവ അറിഞ്ഞു കമ്പോളവില നിർണ്ണയം നടത്തി കർഷകരെ അവർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വിലയായി അവർക്കു കിട്ടാവുന്ന പ്രതിഫലത്തെക്കുറിച്ച് ബോധവാൻമാരാക്കുകയാണ് മാർക്കററ് ഇൻറലിജൻസ് കൊണ്ടുദ്ദേശിക്കുന്നത്.

ഈ പദ്ധതിയനുസരിച്ച് വില റിപ്പോർട്ട് ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അതാത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും, ജില്ലാ ആഫീസറൻമാരും കോഴിക്കോട്ടും തിരുവനന്തപുരത്തും ഉള്ള രണ്ടു റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരും മേൽനോട്ടം വഹിച്ചുവരുന്നു.

ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർകോട് ഒഴിച്ചുള്ള എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും ചങ്ങനാശ്ശേരി, കൊച്ചി എന്നീ കേന്ദ്രങ്ങളിലും വില ശേഖരണ പ്രവർത്തനം അതിനുവേണ്ടി മാത്രം നിയമിച്ചിട്ടുള്ള പ്രൈസ് ഇൻസ്പെക്ടർമാർ നിർവഹിച്ചു വരുന്നു. മററു കേന്ദ്രങ്ങളിൽ ഫുൾടൈം പ്രൈസ് റിപ്പോർട്ടർമാരും താലൂക്ക് സ്ററാററിസ്ററിക്കൽ ഓഫീസിലുള്ള ഇൻവെസ്ററിഗേററർമാരും ഈ കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

തിരുവനന്തപുരം മേഖലയിൽ 28-ഉം കോഴിക്കോട് മേഖലയിൽ 7-ഉം കണ്ണൂർ മേഖലയിൽ 4-ഉം കേന്ദ്രങ്ങളിലെ കമ്പോള നിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയിലൂടെ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ നിലയങ്ങളിൽക്കൂടി പ്രക്ഷേപണം ചെയ്തു വരുന്നു. ഈ ബുള്ളററിൻെറ പകർപ്പും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, തിരുവനന്തപുരം, സീനിയർ മാർക്കററ് ഇൻറലിജൻസ് ഇൻസ്പെക്ടർ, തിരുവനന്തപുരം എന്നിവർക്ക് അയച്ചു കൊടുക്കുന്നു. ഇതിനു പുറമേ, തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷിക വിഭവങ്ങളുടെ കമ്പോള നിലവാര അവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തുവരുന്നു.

ഇവയ്ക്കെല്ലാമുപരിയായി ഈ പദ്ധതിയനുസരിച്ച് മൊത്ത വിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര സംസ്ഥാന ഗവൺമെൻറ് സ്ഥാപനങ്ങൾക്കും, റിസർവ് ബാങ്കിനും ആവശ്യാനുസരണം ലഭ്യമാക്കി വരുന്നു. അരിയുടെയും നെല്ലിൻെറയും മാർക്കററിലെ പ്രതിമാസ മൊത്തവില ശേഖരിച്ച് മദ്രാസിലെ സിവിൽ സപ്ലൈസ് കൺസ്യൂമർ പ്രൊട്ടക്ഷൻ ഡിപ്പാർട്ടുമെൻറിന് അയച്ചു കൊടുക്കുന്നു.

## ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധന സംബന്ധം)

ഈ വിഭാഗം താഴെപ്പറയുന്ന സൂചികകൾ തയ്യാറാക്കി വരുന്നു:

(1) <u>കാർഷിക ഉല്പന്നങ്ങളുടെ മൊത്തവില സൂചിക.</u>—പ്രധാനപ്പെട്ട 17 കാർഷിക ഉല്പന്നങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന മൊത്തവിലയെ അടിസ്ഥാനമാക്കി ഈ സൂചിക തയ്യാറാക്കി വരുന്നു. 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ചാണ് മാസംതോറും ഈ മൊത്തവില സൂചിക തയ്യാറാക്കി വരുന്നത്.

(2) <u>കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവയ്ക്കു വേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യ പഠന സൂചിക.</u>—1952-53 അടിസ്ഥാന വർഷമാക്കി കർഷകരുടെ സാമ്പത്തികനില, കാർഷിക ഉല്പന്നങ്ങളുടെ വില അവയുടെ ഉല്പാദനത്തിനുവേണ്ടി വരുന്ന ചെലവുകൾ, ഗാർഹിക ചെലവുകൾ എന്നിവ കണക്കാക്കിയതും, കർഷകരുടെ ഇപ്പോഴത്തെ സാമ്പത്തിക നിലയും തമ്മിലുള്ള താരതമ്യം ഈ സൂചിക കാണിക്കുന്നു. ഇത് പ്രതിമാസ സൂചികയാണ്.

(3) <u>കാർഷിക വേതന നിരക്ക്.</u>—സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കപ്പെട്ടിട്ടുള്ള കാർഷിക വേതനത്തിൻെറ നിരക്ക് ഇന്ത്യാ ഗവൺമെൻറിൻെറ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചു കൊടുക്കുകയും അതോടൊപ്പംതന്നെ കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു വരുന്നു. കർഷക തൊഴിലാളികളുടേയും വിദഗ്ദ്ധ തൊഴിലാളികളുടേയും പ്രതിമാസ വേതന സൂചിക 1952-53 അടിസ്ഥാന വർഷമായി സ്വീകരിച്ച് തയ്യാറാക്കി കൃത്യമായി ഇന്ത്യാ ഗവൺമെൻറിന് അയച്ചു കൊടുക്കുകയും ചെയ്യുന്നു.

ഇവയ്ക്കു പുറമേ താഴെപ്പറയുന്ന ജോലികഠം കൂടി ഈ വിഭാഗം നിർവഹിച്ചുവരുന്നു:

(1) തൊണ്ടോടുകൂടിയ നാളികേരത്തിന്റെ ദ്വൈവാര തോട്ടവില ശേഖരിച്ച് എറണാകുളത്തുള്ള നാളികേര വികസന ബോർഡ് ചെയർമാന് ത്രൈമാസിക റിപ്പോർട്ടായി അയച്ചുകൊടുക്കുന്നു.

(2) പ്രധാനപ്പെട്ട 9 കാർഷികോൽപ്പന്നങ്ങളുടെ വാർഷിക വിളവെടുപ്പു വില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്കൽ അഡ്വൈസർക്ക് അയച്ചുകൊടുക്കുന്നു.

(3) കയറിന്റേയും തൊണ്ടിന്റേയും പ്രതിവാര വില തയ്യാറാക്കി എറണാകുളത്തുള്ള കയർബോർഡ് സെക്രട്ടറിക്കും തിരുവനന്തപുരത്തുള്ള കയർ ഡവലപ്പ്മെൻറ് ഡയറക്ടർക്കും അയച്ചുവരുന്നു. കയറിന്റെ തന്നെ പ്രതിമാസ വിലനിലവാരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസ്സിലേക്ക് നൽകിവരുന്നു.

(4) കാർഷിക വിഭവങ്ങളുടെ വില വിവരങ്ങഠം കോടതി നിർദ്ദേശപ്രകാരം നൽകിവരുന്നു.

(5) കേന്ദ്ര സർക്കാരിന്റെ കേന്ദ്ര വ്യവസായ മന്ത്രാലയത്തിലെ എക്കണോമിക്സ് അഡ്വൈസർ പ്രസിദ്ധം ചെയ്തുവരുന്ന 1981-82 അടിസ്ഥാന വർഷമായിട്ടുള്ള മൊത്ത വില സൂചിക (എല്ലാ സാധനങ്ങളുടെയും) ആവശ്യപ്പെടുന്നതനുസരിച്ച് സർക്കാർ, അർദ്ധ സർക്കാർ പൊതുസ്വകാര്യ മേഖലാ സ്ഥാപനങ്ങഠംക്കും വ്യക്തികഠംക്കും കരാറുകാർക്കും നല്കിവരുന്നു.

(6) അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ പ്രതിവാര കമ്പോള മൊത്തവില ശേഖരിച്ച് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം റീജിയണൽ മാനേജർക്ക് ആഴ്ചതോറും അയച്ചുവരുന്നു.

(7) കെ. എൽ. ആർ. ആക്ടിലെ സെക്ഷൻ 43 പ്രകാരം ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥനാനുസരണം എല്ലാ താലൂക്കിലുമുള്ള പ്രധാനപ്പെട്ട കാർഷിക ഉല്പന്നങ്ങളുടെ പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി എല്ലാ ത്രൈമാസത്തിലും സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും നല്കിവരുന്നു.

(8) ഉപ്പിന്റെ പ്രതിവാര കമ്പോള മൊത്തവിലയും ചില്ലറ വിലയും ശേഖരിച്ച് മദ്രാസിലെ ഡെപ്യൂട്ടി സാഠംട്ട് കമ്മീഷണർക്കും പ്രതിമാസ ശരാശരി വില തിട്ടപ്പെടുത്തി സാഠംട്ട് കമ്മീഷണർ, ജയ്പൂരിന് അയച്ചുകൊടുക്കുന്നു.

(9) സുഗന്ധ ദ്രവ്യങ്ങളുടെ പ്രതിവാര കമ്പോള ചില്ലറ വില ശേഖരിച്ച് കോഴിക്കോട്ടുള്ള സ്പൈസസ് ഡവലപ്പ്മെൻറ് ഡയറക്ടർക്കും, എറണാകുളത്തെ സ്പൈസസ് ബോർഡ് ചെയർമാനും അയച്ചുകൊടുക്കുന്നു.

വയനാട്, കാസർകോട് ജില്ലകളിൽ നിന്നും സുഗന്ധ ദ്രവ്യങ്ങളുടെ മൊത്ത വില ശേഖരിച്ച് കോഴിക്കോട്ട് സ്പൈസസ് ഡവലപ്പ്മെൻറ് ഡെപ്യൂട്ടി ഡയറക്ടർക്കും അയച്ചുകൊടുക്കുന്നു,

(10) സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽ നിന്നും പ്രധാനപ്പെട്ട 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില ശേഖരിച്ച് ക്രോഡീകരിച്ച് കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തി വരുന്നു.

(11) അരിയുടേയും നെല്ലിൻെറയും മൊത്തവില ശേഖരിച്ച് സിവിൽ സപ്ലൈസ് ആൻറ് കൺസ്യൂമർ പ്രൊഡക്ഷൻ ഡിപ്പാർട്ടുമെൻറ്, ചെന്നൈയ്ക്കു അയച്ചുകൊടുക്കുന്നു.

1997-98 സാമ്പത്തിക വർഷം മുതൽ പാഴ്ക്കടലാസിൻെറ വിപണന വില ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് വാർഷിക ശരാശരി വില സ്റേറഷനറി കൺട്രോളർക്കു അയച്ചു വരുന്നു.

## ജനസംഖ്യാ പഠന വിഭാഗം

ജനനമരണ സ്ഥിതി വിവരം :—സംസ്ഥാനത്തൊട്ടാകെയുള്ള ജനന മരണ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി റിപ്പോർട്ട് വർഷവും തുടരുന്നു.

സിവിൽ രജിസ്ട്രേഷൻ സംബന്ധിച്ച ജോലികൾ, സ്പോട്ട് ചെക്ക് സർവേ, പട്ടണ പ്രദേശങ്ങളിലെ സ്ഥിര താമസക്കാരുടെ ജനന മരണ നിരക്കുകളെപ്പററിയുള്ള പഠനം മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് സർവേ എന്നീ പദ്ധതികൾ നടപ്പു വർഷവും തുടർന്നുവരുന്നു.

സിവിൽ രജിസ്ട്രേഷൻ ജോലി :—1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലുമുള്ള രജിസ്ട്രാർമാർ ജനന മരണ കണക്കുകൾ രജിസ്ററർ ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് ജനന മരണ രജിസ്ട്രേഷൻ കാർഡുകൾ വി. എസ്. ഡിവിഷനിലേയ്ക്ക് യഥാസമയങ്ങളിൽ അയച്ചുതരുന്നു. അതിൻെറ അടിസ്ഥാനത്തിൽ വാർഷികമായിട്ടുള്ള പ്രയോറിട്ടി ടേബിൾസ് തയ്യാറാക്കി രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യയ്ക്ക് അയച്ചുകൊടുക്കുന്നു. കൂടാതെ വാർഷിക വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ തയ്യാറാക്കുകയും ചെയ്യുന്നു. ഓരോ മാസവും രജിസ്ററർ ചെയ്യുന്ന ജനന മരണങ്ങൾ രജിസ്ട്രാർമാരിൽ നിന്നും ലഭിക്കുന്ന അഡ്വാൻസ് ഫിഗറിൻെറ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലുള്ള മാസാന്ത്യ റിപ്പോർട്ടുകൾ തയ്യാറാക്കി എല്ലാ മാസവും രജിസ്ട്രാർ ജനറലിനും ചീഫ് രജിസ്ട്രാറിനും അയച്ചുകൊടുക്കുന്നു.

1992 മുതൽ 1995 വരെയുള്ള വർഷങ്ങളിൽ രജിസ്ററർ ചെയ്തിട്ടുള്ള ജനന മരണ കണക്കുകൾ താഴെ കൊടുക്കുന്നു:

| വർഷം | പട്ടണ പ്രദേശം | | ഗ്രാമ പ്രദേശം | | സംസ്ഥാനമൊട്ടാകെ | |
|---|---|---|---|---|---|---|
| | ജനനം | മരണം | ജനനം | മരണം | ജനനം | മരണം |
| 1992 | 64.45 | 11.32 | 9.57 | 4.48 | 17.67 | 5.49 |
| 1993 | 67.04 | 11.60 | 9.46 | 4.34 | 17.67 | 5.38 |
| 1994 | 68.84 | 12.01 | 9.11 | 4.29 | 17.52 | 5.38 |
| 1995 | 70.71 | 11.40 | 9.41 | 4.39 | 18.09 | 5.38 |

ജനന മരണ സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രയോറിററി ടേബിശം 1995 വരെ തയ്യാറായിട്ടുണ്ട്. 1997-ലെ കാർഡുകശം ഡേററാ എൻട്രി ചെയ്തുവരുന്നു.

സ്പോട്ട് ചെക്ക് സർവേ :—പട്ടണ പ്രദേശങ്ങളിലെ സ്ഥിര താമസക്കാർക്കുണ്ടാകുന്ന ജനന മരണ കണക്കുകശം ശേഖരിച്ച് അവിടത്തെ വൈററൽ നിരക്കുകശം കണക്കാക്കുന്നതിനും എത്രത്തോളം ജനന മരണങ്ങശം രജിസ്ററർ ചെയ്തിട്ടില്ലായെന്നു മനസിലാക്കുന്നതിനു വേണ്ടിയാണ് ഈ സർവേ നടത്തുന്നത്. മൂന്നുകോർപ്പറേഷനിലും 31 മുനിസിപ്പാലിററികളിലും ഈ സർവേ നടത്തുന്നു.

ഇതുമായി ബന്ധപ്പെട്ട ഫീൽഡ് ജീവനക്കാർ ബന്ധപ്പെട്ട മുനിസിപ്പാലിററികളിലും കോർപ്പറേഷനുകളിലും തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ എല്ലാ വീടുകളും സന്ദർശിക്കുകയും അവിടെ സംഭവിച്ചിട്ടുള്ള ജനന മരണങ്ങശം രജിസ്ററുകളിൽ രേഖപ്പെടുത്തുകയും അവ രജിസ്ട്രേഷൻ യൂണിററുകളിലും രജിസ്ററുമായി ഒത്തു നോക്കിയശേഷം യൂണിററിന്റെ സർവെ വാർഷിക റിപ്പോർട്ടാക്കി ഹെഡ് ആഫീസിൽ അയയ്ക്കുന്നു.

1997-ലെ സംസ്ഥാന തലത്തിലുള്ള സർവെ റിപ്പോർട്ടിന്റെ ജോലികശം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് :—സംസ്ഥാനത്തെ മൂന്ന് കോർപ്പറേഷനുകളിലും രണ്ട് മുനിസിപ്പാലിററികളിലുമാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഡെപ്യൂട്ടി ഹെൽത്ത് ഓഫീസർമാരുടെ 1996 പദ്ധതിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ യൂണിററിന്റെ 1998-ലെ വാർഷിക പദ്ധതി റിപ്പോർട്ടിന്റെ ജോലി പുരോഗമിക്കുന്നു.

## സാമ്പിശം രജിസ്ട്രേഷൻ പദ്ധതി

സിവിൽ രജിസ്ട്രേഷനിൽ ഉണ്ടാകാവുന്ന അപാകതകശം നിമിത്തം കൃത്യവും വിശ്വസനീയവുമായ പ്രതിവർഷ ജനസംഖ്യാ വർദ്ധനവു കണക്കുകശം ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ഭാരത രജിസ്ട്രാർ ജനറൽ ഒരു പൊതു നിർദ്ദേശ മാനുവലിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് ഭാരതമൊട്ടാകെ നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണ് സാമ്പിശം രജിസ്ട്രേഷൻ. കേരളത്തിൽ ഒട്ടാകെ 150 തെരഞ്ഞെടുക്കപ്പെട്ട സാമ്പിശം യൂണിററുകളിലാണ് ഈ പദ്ധതി പ്രകാരമുള്ള കണക്കെടുപ്പു നടത്തുന്നത്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം താഴെ കൊടുത്തിട്ടുണ്ട്:

| | തസ്തിക | എണ്ണം | പ്രവർത്തന മണ്ഡലം |
|---|---|---|---|
| 1. | പാർട്ട് ടൈം എന്യൂമറേറ്റർ | 150 | നിർദ്ദേശിക്കപ്പെട്ട ഗ്രാമങ്ങൾ |
| 2. | കമ്പ്യൂട്ടർ സൂപ്പർവൈസർമാർ | 17 | ജില്ലാ ഓഫീസുകൾ (എക്കണോമിക്സ്, ആൻറ് സ്ററാററിസ്ററിക്സ്) ഗ്രാമങ്ങളിൽ പരിശോധന |
| 3. | അഡീഷണൽ ജില്ലാ ഓഫീസർ | 14 | ടി |
| 4. | ഇൻവെസ്ററിഗേറർ (സാമ്പിൾ രജിസ്ട്രേഷൻ) | 14 | ജില്ലാ ആഫീസ് |
| 5. | റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർ | 1 | ഡയറക്ടറുടെ ആഫീസ് |
| 6. | റിസർച്ച് അസിസ്ററൻറ് | 1 | ഡയറക്ടറുടെ ആഫീസ് |
| 7. | യു. ഡി. കമ്പയിലർ | 2 | ടി |
| 8. | കമ്പ്യൂട്ടർ | 1 | ടി |

1999-2000-ലെ പ്രവർത്തനം :—ജനസംഖ്യാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 150 സാമ്പിളുകളിലും എന്യൂമറേററർമാർ ജനനവും മരണവും കൃത്യമായി രജിസ്ററർ ചെയ്യുകയും മാസാന്ത്യം ത്രൈമാസ റിപ്പോർട്ടുകൾ അയച്ചു തരികയും അവയുടെ സംഗ്രഹം ഭാരത രജിസ്ട്രാർ ജനറലിനു അയച്ചു കൊടുക്കുകയും ചെയ്യുന്നു. നടപ്പു വർഷത്തിൽ 67, 68 എന്നി രണ്ട് അർദ്ധ വാർഷിക സർവേകൾ നടത്തുകയും പ്രസ്തുത സർവേയുടെ ഫലം പരിശോധിച്ച് രജിസ്ട്രാർ ജനറലിനു അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 69-ാമതു സർവേയുടെ ഫീൽഡു ജോലികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതിയുടെ 1995-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനു സമർപ്പിച്ചിട്ടുണ്ട്.

1998-ൽ രജിസ്ട്രാർ ജനറൽ പ്രസിദ്ധീകരിച്ച ജനന മരണ നിരക്കുകൾ താഴെ കുറിക്കുന്നു:

| | ഗ്രാമങ്ങൾ |
|---|---|
| ജനന നിരക്ക് | 18·3 |
| മരണ നിരക്ക് | 6·3 |
| ശിശു മരണ നിരക്ക് | 15 |

## ഭവന നിർമ്മാണവും, വേതനഘടന സർവേയും

ഭവന നിർമ്മാണ രംഗത്തെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിനും സംഗ്രഹിച്ച് ദേശീയ ഭവന നിർമ്മാണ വകുപ്പിന് അയച്ചു കൊടുക്കുന്നതിനുമായി ത്രിതല സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ പൊതുമരാമത്തു വകുപ്പും, മുനിസിപ്പൽ ഭരണ വകുപ്പും എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പും ഉൾപ്പെടുന്നു.

പൊതു മരാമത്തു വകുപ്പ്.—50,000 രൂപയ്ക്കുമേൽ ചെലവു ചെയ്തു നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും സംഗ്രഹിച്ച് വാർഷിക റിപ്പോർട്ടു തയ്യാറാക്കുകയും ചെയ്യുകയാണ് പൊതുമരാമത്തു വകുപ്പിലെ സ്ററാററിസ്ററിക്കൽ വിഭാഗത്തിൻെറ ജോലി. 1994-95 വരെയുള്ള വാർഷിക റിപ്പോർട്ട് ഇപ്രകാരം തയ്യാറാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചു കൊടുത്തു.

മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ വകുപ്പ്:—10,000-ൽ കൂടുതൽ ജനസംഖ്യയുള്ള മുനിസിപ്പാലിററികളിൽ നിർമ്മിക്കുന്ന സ്വകാര്യ മേഖലയിലുള്ള കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും സംഗ്രഹിക്കുകയും ചെയ്യുന്നത് മുനിസിപ്പൽ ഡയറക്ടറേററിലെ സ്ററാററിസ്ററിക്കൽ വിഭാഗമാണ്. എല്ലാ മുനിസിപ്പാലിററികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് സംഗ്രഹിച്ച് പാദ വാർഷിക റിപ്പോർട്ടുകളാക്കി ഇവിടേയ്ക്കു അയച്ചു തരുന്നു. 1998-99-ലെ വാർഷിക റിപ്പോർട്ട് ഇവിടെ തയ്യാറാക്കി വരുന്നു.

കേരളത്തിലെ മൂന്നു കോർപ്പറേഷനുകളിലും സ്വകാര്യ മേഖലയിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളെക്കുറിച്ചുള്ള സ്ഥിതി വിവര കണക്കുകൾ കോർപ്പറേഷൻ ആഫീസുകളിൽ നിന്നും വകുപ്പു നേരിട്ട് ശേഖരിക്കുകയും വാർഷിക റിപ്പോർട്ടു തയ്യാറാക്കുകയും ചെയ്യുന്നു. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങളും വാർഷിക റിപ്പോട്ടും ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്കു അയച്ചു കൊടുക്കുന്നത് ഇവിടെ നിന്നാണ്. കൂടാതെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലനിലവാരവും കെട്ടിട നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ വേതന നിരക്കും ഓരോ പാദവർഷത്തിലും ജില്ലാടിസ്ഥാനത്തിൽ ശേഖരിച്ച് സംഗ്രഹിച്ച് ദേശീയ കെട്ടിട നിർമ്മാണസംഘടനയ്ക്ക് അയച്ചു കൊടുക്കുന്നു.

വേതന ഘടന സർവ്വെ:— സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, നഗരങ്ങളിലും, ഗ്രാമങ്ങളിലുമുള്ള മൊത്ത വ്യാപാര സ്ഥാപനങ്ങളിലും ചില്ലറ വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരുടേയും, കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നവരുടേയും ശരാശരി വേതനം കണക്കാക്കുന്നതിനായി വേതന ഘടന സർവ്വെ നടത്തുന്നു. ഇതിനായി എല്ലാ ജില്ലകളിലും മൊത്ത വ്യാപാര സ്ഥാപനങ്ങളും തെരഞ്ഞെടുക്കുന്നു. അഞ്ചു വർഷക്കാലത്തേക്കാണ് ഈ സർവ്വെ നടത്തുന്നത്. ഇപ്പോൾ 1997-2002 കാലയളവിലെ സർവ്വെയാണ് ചെയ്യുന്നത്. 1997-1993 വരെയുള്ള വിവരങ്ങൾ ഇപ്രകാരം ശേഖരിച്ചു വാർഷിക റിപ്പോർട്ട് തയ്യറാക്കിക്കഴിഞ്ഞു.

ഗ്രാമ, പട്ടണപ്രദേശങ്ങൾ വേർതിരിച്ച് വ്യാപാര വാണിജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശരാശരി മാസ വേതനവും, കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ശരാശരി ദിവസ വേതനവും വേർതിരിച്ച് പ്രത്യേകം പട്ടികയായി തയ്യാറാക്കുന്നു.

## ലേബർ വിഭാഗം

1948-ലെ ഫാക്ടറി നിയമപ്രകാരം 1997-ൽ പ്രവർത്തിച്ചിരുന്ന ഫാക്ടറികളുടെ വാർഷിക കണക്കുകൾ റിപ്പോർട്ട് തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കൂടാതെ 1998-ൽ

പ്രവർത്തിച്ചിരുന്ന ഫാക്ടറികളുടെ വാർഷിക കണക്കുകൾ ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു വരികയാണ്.

1936-ലെ പേമെൻറ് ഓഫ് വേജസ് ആക്ട് പ്രകാരം 1998-ലെ തോട്ടത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതനവിവരങ്ങൾ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാൻറേഷൻ ഓഫീസിൽനിന്നും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുക്കുന്നു.

ഫാക്ടറികളിലും തോട്ടങ്ങളിലും 1999 ഡിസംബർ വരെ ഉണ്ടായിട്ടുള്ള പണിമുടക്ക്, ലോക്കൗട്ട്, ലേ ഓഫ് എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലേക്ക് അയയ്ക്കുകയും ജില്ലാ ഓഫീസുകളിൽ നിന്നും കിട്ടുന്ന വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു.

## വിലയിരുത്തൽ സർവ്വെ

സംസ്ഥാന സർക്കാർ മണ്ണു സംരക്ഷണ വകുപ്പ് മുഖേന വിവിധ ജില്ലകളിൽ നടപ്പിലാക്കിയ മണ്ണു സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനമാണ് ഈ സർവ്വെ കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥനത്തെ വയനാട് ഒഴികെയുള്ള 13 എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ഓഫീസുകൾ വഴിയാണ് പ്രസ്തുത സർവ്വെ നടത്തി വരുന്നത്. വയനാട്ടിൽ സെൻട്രൽ ഏജൻസി നേരിട്ടാണ് പഠനം നടത്തുന്നത്. പ്രത്യേക തൊഴിൽദാന പദ്ധതി, വായ്പാ പദ്ധതി എന്നിവ ഉൾപ്പെടെ 1994-ലെ ഏപ്രിൽ 1 മുതൽ 1995 മാർച്ച് 31 വരെ പൂർത്തീകരിച്ച പദ്ധതികളാണ് 1999-2000 വർഷത്തെ പഠനത്തിനായി ഉൾപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽനിന്നു വിവരങ്ങൾ ശേഖരിക്കുന്നതിനായി 1999 ജൂലൈ 1 മുതൽ 2000 ജൂൺ വരെയാണ് പഠനം നടത്തുന്നത്. ഇപ്രകാരം സർവ്വെ നടത്തി ലഭിക്കുന്ന ഷെഡ്യൂളുകളിൽ നിന്ന് ടാബുലേഷൻ നടത്തി റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പ്രക്രിയയാണ് ഡയറക്ടറേറ്റിലെ ഈ വിഭാഗത്തിൽ നടന്നു വരുന്നത്.

റിപ്പോർട്ടു വർഷത്തിൽ 1996-97-ലെ വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കി അച്ചടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 1997-98-ലെ ടാബുലേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ടു തയ്യാറാക്കുന്നതിലേയ്ക്കുവേണ്ടി വരുന്ന പട്ടികകൾ തയ്യാറാക്കുന്ന ജോലി നടന്നു വരുന്നു. 1998-99-ലെ പൂരിപ്പിച്ച ഷെഡ്യൂളുകൾ മുഴുവനും ലഭിച്ചിട്ടുണ്ട്. അവയുടെ കമ്പയിലേഷൻ നടന്നുകൊണ്ടിരിക്കുന്നു. 1999-2000 വർഷത്തിലെ ഫീൽഡു ജോലികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. 2000-2001-ലേയ്ക്കുള്ള സർവ്വേയുടെ പ്രാഥമിക നടപടികൾ ഈ വിഭാഗത്തിൽ ആരംഭിച്ചിട്ടുണ്ട്.

## ദേശീയ സാമ്പിൾ സർവ്വെ

ആസൂത്രണത്തിനും, നയരൂപീകരണത്തിനും ഉതകുന്ന ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ദേശീയ തലത്തിൽ വിപുലമായി ശേഖരിക്കുന്നതിനും കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരുകളുടേയും കേന്ദ്ര ഭരണ പ്രദേശങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന ഒരു സർവ്വെ സംരംഭമാണ് നാഷണൽ സാമ്പിൾ സർവ്വേ.

ഭാരത സർക്കാരിന്റെ കീഴിലുള്ള നാഷണൽ സാമ്പിൾ സർവ്വെ ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരം ആനുകാലിക താല്പര്യമുള്ള കാർഷിക ഉപഭോക്തൃ ചെലവ്, തൊഴിലും തൊഴിലില്ലായ്മയും, അസംഘടിത മേഖലയിലെ കാർഷികേതര വ്യവസായ സംരംഭങ്ങൾ, കൈവശഭൂമി, കുടുംബക്ഷേമം, വിദ്യാഭ്യാസം മുതലായ പല വിഷയങ്ങളും സാധാരണയായി പരമാവധി പന്ത്രണ്ടു മാസത്തെ കാലദൈർഘ്യമുള്ള ഈ സർവ്വേകളിൽ കൂടി നടക്കാറുണ്ട്. ആസൂത്രണത്തിനും ഭരണപരമായ ആവശ്യങ്ങൾക്കും രാജ്യത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനുംവേണ്ടി നടത്തി വരുന്ന സർവ്വെ ഈ വർഷത്തിലും തുടർന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിലും നഗരങ്ങളിലും നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷനും ഈ വകുപ്പും തുല്യ സാമ്പിളുകളിൽ സർവ്വെ നടത്തി വരുന്നു.

1999 ജൂലൈ മുതൽ 55-ാം റൗണ്ടു സർവ്വെ ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 240 സാമ്പിളുകളിലും നഗര പ്രദേശങ്ങളിലെ 168 സാമ്പിളുകളിലുമായി ഫീൽഡ് ജോലികൾ നടന്നു വരുന്നു. ഈ സർവ്വേയിൽകൂടി തൊഴിലും തൊഴിലില്ലായ്മയും, കാർഷികേതര സംരംഭങ്ങൾ, കുടുംബത്തിന്റെ ഉപഭോക്തൃ ചെലവ് എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ നിർദ്ദിഷ്ട ഷെഡ്യൂളുകളിൽ വീട്ടുടമയുമായി മുഖാമുഖ സംഭാഷണത്തിലൂടെയാണ് ശേഖരിച്ചു വരുന്നത്.

ഈ സർവ്വെയിൽകൂടി ശേഖരിക്കുന്ന വിവരങ്ങൾ ഗവൺമെന്റിന്റെ നയ രൂപീകരണത്തിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും സഹായകമാണ്.

ഈ സർവ്വെയ്ക്കും 0.1, 0.2, 1.0, 10, 2.0 എന്നീ ഷെഡ്യൂളുകളാണ് ഉപയോഗിക്കുന്നത്. 0.1, 0.2 എന്നീ ഫാറങ്ങളിൽകൂടി യഥാക്രമം ഗ്രാമപ്രദേശത്തേയും നഗര പ്രദേശത്തേയും കുടുംബാംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നു. ഓരോ സാമ്പിളിലും തെരഞ്ഞെടുത്ത 12 വീടുകളിൽനിന്നും ഉപഭോക്താവിന്റെ ചെലവിനെക്കുറിച്ച് ഫാറം 1.0 യിലും ഓരോ സാമ്പിളിലേയും തെരഞ്ഞെടുത്ത 12 വീടുകളിൽനിന്നും തൊഴിലും, തൊഴിലില്ലായ്മയെക്കുറിച്ച ഫാറം 10-ലും വിവരങ്ങൾ ശേഖരിക്കുന്നു. കൂടാതെ ഓരോ സാമ്പിളിലേയും , തെരഞ്ഞെടുത്ത 24 കാർഷികേതര എന്റർപ്രൈസസിനെ കുറിച്ച് ഫാറം 2.0-ലും വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

51-ാം റൗണ്ടിന്റെ ടാബുലേഷൻ ജോലികൾ പൂർത്തിയായിരിക്കുന്നു. 52-ാം റൗണ്ടിന്റെയും 53-ാം റൗണ്ടിന്റെയും ഷെഡ്യൂളുകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായിട്ടുണ്ട്. 54-ാം റൗണ്ടിന്റെ ഷെഡ്യൂളുകളുടെ സൂക്ഷ്മ പരിശോധന ആരംഭിച്ചു കഴിഞ്ഞു.

## സാമ്പത്തിക സെൻസസ്

സാമ്പത്തിക മേഖലയുടെ വിവിധ ഘട്ടങ്ങളിലൊന്നായ അസംഘടിത മേഖലകളിലെ പ്രത്യേകിച്ചും കാർഷികേതര മേഖലയിലെ സ്ഥിതി വിവരങ്ങളുടെ കുറവു നികത്തുക എന്ന കാഴ്ചപ്പാടോടെ കേന്ദ്ര സർക്കാർ 1977-ൽ ആരംഭിച്ചതാണ് സാമ്പത്തിക സെൻസസ്. നാലാമത് സാമ്പത്തിക സെൻസസിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ 1996-ൽ ആരംഭിച്ചു. ഏതെങ്കിലും അസംഘടിത മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കാർഷികവും കാർഷികേതരവുമായ സാമ്പത്തിക സംരംഭങ്ങളിൽ സ്വന്തം ഉപഭോഗത്തിനുവേണ്ടി മാത്രമല്ലാതെ ഉല്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്ന സംരംഭങ്ങളും ഔദ്യോഗിക കണക്കെടുപ്പുമാണ് സാമ്പത്തിക സെൻസസ് കൊണ്ടുദ്ദേശിക്കുന്നത്.

ഈ സർവ്വെ മുഖേന ലഭ്യമാകുന്ന അടിസ്ഥാന വിവരങ്ങൾ വിവിധ സാമ്പത്തിക സംരംഭങ്ങളിലെ പ്രവർത്തന മൂലധനം, നിക്ഷേപം, തൊഴിലവസരങ്ങൾ, ഉല്പാദനം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്നതിനു പിന്നീട് നടത്തുന്ന സർവ്വെകൾക്കു പ്രയോജനകരമാണ്.

നാലാമത് സാമ്പത്തിക സെൻസസിന്റെ ഫീൽഡ് വർക്ക് 1998 ജൂൺ മാസത്തിൽ തുടങ്ങി ഒരു മാസംകൊണ്ട് പൂർത്തിയായി. ഈ ജോലിക്കുവേണ്ടി 6400 എന്യൂമറേറ്റർമാരേയും 1115 സൂപ്പർവൈസർമാരേയും നിയോഗിക്കുകയുണ്ടായി.

നാലാമത് സാമ്പത്തിക സെൻസസിന്റെ പ്രവർത്തന കാലയളവ് 1999 നവംബർ 30-ന് അവസാനിച്ചു. സെൻസസുമായി ബന്ധപ്പെട്ട സ്റ്റേറ്റുമെന്റുകൾ കേന്ദ്ര സർക്കാരിന് അയച്ചു കഴിഞ്ഞു. അവസാന റിപ്പോർട്ടിൽ സംസ്ഥാനത്ത് 1564659 കാർഷിക കാർഷികേതര സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നതായി സർവ്വെ വെളിപ്പെടുത്തുന്നു. സെൻസസിന്റെ പൂർണ്ണമായ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

## പ്ലാനിംഗ് വിഭാഗം

സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഈ വകുപ്പ് ഏറ്റെടുത്തു നടത്തുവാൻ ഉദ്ദേശിക്കുന്ന പ്ലാൻ പദ്ധതികൾ തയ്യാറാക്കി അവ സർക്കാരിനും പ്ലാനിംഗ് ബോർഡിനും നൽകുക, പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിനും ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും, നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകുന്നു. ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ഐ. എം. ജി. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ പോലുള്ള സ്ഥാപനങ്ങളിൽ വിദഗ്ദ്ധ പരിശീലനത്തിനു തിരഞ്ഞെടുക്കുകയും ചെയ്യുന്നത് ഈ വിഭാഗത്തിന്റെ ചുമതലയാണ്.

1999-2000 വർഷത്തെ ബഡ്ജററിൽ ഈ വകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കീമുകൾ | ബഡ്ജററിൽ വക കൊള്ളിച്ച തുക (രൂപ ലക്ഷത്തിൽ) | ചെലവായ തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഡയറക്ടററിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കൽ<br>3454-02-203-98 | 15.00 | 4.15 |
| 2 | വാഹനങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി<br>3454-02-203-97 | 8.00 | 7.35 |
| 3 | സ്ഥിതി വിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി<br>3454-02-203-96 | 8.00 | 1.57 |
| 4 | ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ<br>3454-02-205-95 | 12.00 | 6.71 |
| 5 | സർവ്വെയും പഠനങ്ങളും<br>3454-02-112-96 | 25.00 | 4.06 |
| 6 | അതാതു കാലത്തെ കാർഷിക സ്ഥിതി വിവരക്കണക്കുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സർവ്വെ<br>3454-02-111-98<br>(50% കേന്ദ്ര സഹായം) | 700.00 | 577.97 |
| 7 | സാമ്പത്തിക സെൻസസ്<br>3454-02-111-91<br>(100% കേന്ദ്ര സഹായം) | 30.00 | 20.33 |
| 8 | ചെറുകിട ജലസേചനങ്ങളെക്കുറിച്ചുള്ള യുക്തമായ സ്ഥിതിവിവരകണക്കുകൾ<br>3454-02-112-97<br>(100% കേന്ദ്ര സഹായം) | 20.00 | 16.68 |
| 9 | കാർഷിക സെൻസസ്<br>2401-00-111-99<br>(100% കേന്ദ്ര സഹായം) | 30.00 | 15.63 |
| | ആകെ | 848.00 | 654.45 |

1999-2000 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിലെ 26 ഉദ്യോഗസ്ഥൻമാരെ പരിശീലനത്തിനുവേണ്ടി തിരഞ്ഞെടുക്കുകയുണ്ടായി. അവരുടെ വകുപ്പു തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ജോയിൻറ് ഡയറക്ടർ | .. | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | .. | 3 |
| ഡിസ്ട്രിക്ററ് ഓഫീസർ | .. | 1 |
| താലൂക്ക് ഓഫീസർ | .. | 2 |
| അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് | .. | 1 |
| റിസർച്ച് ഓഫീസർ | .. | 2 |
| സീനിയർ സൂപ്രണ്ട് | .. | 1 |
| ജൂനിയർ സൂപ്രണ്ട് | .. | 1 |
| റിസർച്ച് അസിസ്ററൻറ് | .. | 1 |
| കോൺഫിഡൻഷ്യൽ അസിസ്ററൻറ് | .. | 1 |
| യു. ഡി. കമ്പയിലേഴ്സ് | .. | 2 |
| എൽ. ഡി. കമ്പയിലേഴ്സ് | .. | 5 |
| ടൈപ്പിസ്ററ് | .. | 5 |
| ആകെ | .. | 26 |

## ഔദ്യോഗിക ഭാഷാ വിഭാഗം

ഭരണതലത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാരിൻെറ നയം ഈ വകുപ്പിൽ നടപ്പാക്കുകയും പുരോഗതി വിലയിരുത്തുകയുമാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല.

കാലാകാലങ്ങളിൽ ഇതുസംബന്ധമായ നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെൻറിൻെറ വിവിധ തലങ്ങളിലെത്തിക്കുകയും താലൂക്ക്, ജില്ലാതലങ്ങളിൽ അവലോകനം നടത്തി ക്രോഡീകരിക്കുകയും ചെയ്ത് ഗവൺമെൻറിനു സമർപ്പിക്കുന്നു.

ഈ വകുപ്പ് ഒരു സാങ്കേതിക വകുപ്പായതിനാൽ പൂർണ്ണമായും മലയാളമാക്കുവാൻ ബുദ്ധിമുട്ടുണ്ട്.

## ഏകോപന സമിതി വിഭാഗം

വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിലെ പ്രധാന പ്രവർത്തനം.

വിവിധ വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗ സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുകയും അതിന് ഏകോപന സമിതി വിഭാഗത്തിലെ ജോയിൻറ് ഡയറക്ടറുടെ നേതൃത്വത്തിൽ വകുപ്പദ്ധ്യക്ഷൻെറ സാന്നിദ്ധ്യത്തിൽ വാർഷിക യോഗങ്ങൾ സംഘടിപ്പിക്കുകയും ഓരോ വിഭാഗത്തിൻെറയും പ്രവർത്തനങ്ങളെപ്പററി ചർച്ച നടത്തുകയും വിലയിരുത്തുകയും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ഇത്തരം സെല്ലുകളുടെ പ്രവർത്തനം ശക്തമാക്കുകയും ചെയ്തു.

## പ്രസിദ്ധീകരണ വിഭാഗം

ഈ വകുപ്പ് നടത്തുന്ന സർവ്വെകളും പഠനങ്ങളും അവയുടെ റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. സ്ഥിതിവിവരക്കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ചുമതലയും ഈ വിഭാഗത്തിന്റേതാണ്.

സർവ്വെകൾക്കാവശ്യമായ ഫോറങ്ങൾ അച്ചടിക്കുക, അവ ജില്ലകളിൽ എത്തിക്കുക, പൂരിപ്പിച്ച ഫോറങ്ങൾ ഹെഡ് ഓഫീസിൽ എത്തിക്കുക എന്നിവ ഈ വിഭാഗത്തിന്റെ ചുമതലകളിൽപ്പെടുന്നു. ഈ വിഭാഗത്തിനോട് അനുബന്ധിച്ച് 1988 മാർച്ച് മുതൽ ഒരു റോട്ടാ പ്രിന്റിംഗ് പ്രസ്സ് പ്രവർത്തിക്കുന്നുണ്ട്.

വിവിധ സെക്ഷനുകൾക്ക് ആവശ്യമായ ഫോറങ്ങൾ, ഉപഭോക്തൃ വില സൂചിക എന്നിവയും താഴെ പറയുന്ന റിപ്പോർട്ടുകളും ഈ കാലയളവിൽ പ്രസ്സിൽ പ്രിന്റു ചെയ്ത് പ്രസിദ്ധീകരിക്കുകയുണ്ടായി.

1. മെഡിക്കൽ സർട്ടിഫിക്കററ് ഓഫ് കോസ് ഓഫ് ഡെത്ത്, 1993, 1994, 1995

2. റിപ്പോർട്ട് ഓൺ ഇൻഡക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ ഫോർ ദി ഇയർ 1995-96

3. സാമ്പിൾ രജിസ്ട്രേഷൻ ഓഫ് ബർത്ത് ആൻറ് ഡെത്ത് ഇൻ കേരള (റൂറൽ), 1993.

4. ഇവാലുവേഷൻ സ്ററഡി ഓൺ സോയിൽ കൺസർവേഷൻ, 1996-97.

## ലൈബ്രറി

ഏകദേശം 6,000 (ആറായിരത്തോളം) പുസ്തക ശേഖരമുള്ള ഈ ലൈബ്രറിയിൽ ദേശീയ, അന്തർദേശീയ തലത്തിലുള്ള സ്ഥിതിവിവര കണക്കുകൾ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ വരുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ സെൻസസ് ഡിപ്പാർട്ടുമെന്റ് പ്രസിദ്ധീകരിക്കുന്ന പുസ്തക ശേഖരവും വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്കു വകുപ്പുകളുടെ പ്രധാന റിപ്പോർട്ടുകൾ, എക്കണോമിക്സ്, സ്ററാററിസ്ററിക്സ്, കമ്പ്യൂട്ടർ സയൻസ് തുടങ്ങിയ പുസ്തക ശേഖരവും ഈ ലൈബ്രറിയിൽ ഉണ്ട്.

വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ആവശ്യാനുസരണം നൽകുകയും ഗവേഷണ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാമൂഹ്യ സേവകർ, സാമൂഹ്യ ക്ഷേമ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾ എന്നിവർ നിരന്തരം ലൈബ്രറി സന്ദർശിക്കുകയും ആവശ്യമായ വിവരങ്ങൾ ലൈബ്രറിയിൽ നിന്നും ശേഖരിക്കുകയും ചെയ്യാറുണ്ട്.

## സംഗണക വിഭാഗം

1990-ൽ 6 കമ്പ്യൂട്ടറുകളുമായി പ്രവർത്തനം ആരംഭിച്ച ഈ ഡിവിഷനിൽ ഇപ്പോൾ 44 കമ്പ്യൂട്ടറുകളും മററ് അനുബന്ധ ഉപകരണങ്ങളും കൂടാതെ 14 ജില്ലകളിലും ഈ ഡിവിഷന്റെ സാങ്കേതിക നിയന്ത്രണത്തിൽ ഓരോ കമ്പ്യൂട്ടർ യൂണിററുകളും ഉണ്ട്.

ഡിപ്പാർട്ടുമെൻറിന്റെ കമ്പ്യൂട്ടർ സംബന്ധമായ ആവശ്യങ്ങൾ നിറവേററാൻ പര്യാപ്തമാണ് ഇപ്പോൾ ഈ ഡിവിഷൻ. 1999-2000 വർഷത്തിൽ ഈ ഡിവിഷൻ ഏറെറടുത്ത പ്രധാനപ്പെട്ട ജോലികൾ താഴെ ചേർക്കുന്നു.

മാർക്കററ് ഇൻറലിജൻസിനുവേണ്ടി ദിവസവും എൻ. ഐ. സി. വഴി വിലകൾ ശേഖരിച്ച് ക്രോഡീകരിച്ച് നൽകുന്നു. കൂടാതെ 50 ഇനങ്ങളുടെ പ്രതിദിന വിലനിലവാരവും എൻ. ഐ. സി. മുഖാന്തിരം ശേഖരിച്ചു നൽകുന്നു. ഉപഭോക്തൃവില സൂചികയും തയ്യാറാക്കി നൽകുന്നു.

വൈററൽ സ്ററാററിസ്ററിക്സിന്റെ 1995, 1996, 1997 വർഷങ്ങളിലെ ഡേററാ എൻട്രിയും 1995, 1996 വർഷങ്ങളിലെ റിപ്പോർട്ട് മുഴുവനായും 1997-ലെ റിപ്പോർട്ട് ഭാഗികമായും തയ്യാറാക്കി.

എസ്. ആർ. എസ്-ന്റെ 1996-97 വർഷത്തെ ഷെഡ്യൂളുകൾ മുഴുവൻ ഡേററാ എൻട്രി നടത്തി റിപ്പോർട്ട് തയ്യാറാക്കി.

ഹൗസിംഗ് ആൻറ് ലേബറിന്റേയും, ഫാമിലി ബഡ്ജററ് സർവ്വെയുടേയും 1998-ലെ ഡേററാ എൻട്രി തയ്യാറാക്കിവരുന്നു.

ബ്യൂട്ടി പാർലർ സർവ്വെ, കമ്പ്യൂട്ടർ സർവ്വെ എന്നിവയുടെ ഡേററാ പ്രോസസ് ചെയ്ത് ടേബിൾ ഉണ്ടാക്കി.

വകുപ്പിന്റെ പ്രസിദ്ധീകരണത്തിനാവശ്യമായ ഡി. ടി. പി. ജോലികൾ ഏതാണ്ട് മുഴുവനും ഈ ഡിവിഷൻ തന്നെ ചെയ്യുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.

1. സ്ററാററിസ്ററിക്സ് ഫോർ പ്ലാനിംഗ്
2. കേരള അററ് എ ഗ്ലാൻസ്
3. വി. എസ്. റിപ്പോർട്ട് 1995-96
4. അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ്
5. ഇറാസ്
6. സാമ്പിൾ രജിസ്ട്രേഷൻ റിപ്പോർട്ട്
7. റസിഡൻഷ്യൽ വൈററൽ സ്ററാററിസ്ററിക്സ്
8. മററു ജോലികൾ

എക്കണോമിക് സെൻസസിന്റെ സോഫ്ററ്വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ഈ ഡിവിഷന്റെ കീഴിൽ നൽകി. ഇതിനായി ഓരോ ജില്ലകളിൽ നിന്നും രണ്ടുപേർക്കുവീതം ട്രെയിനിംഗ് നൽകിക്കഴിഞ്ഞു.

വിദേശ മലയാളികളെ സംബന്ധിച്ച സാമൂഹികമായും സാമ്പത്തികമായും ഉള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് ഡേററാ പ്രോസസിംഗ് നടത്തുന്ന ജോലികൾ പുരോഗമിക്കുകയാണ്. 2000 മാർച്ച് 31-നകം ഇതിന്റെ ജോലികൾ പൂർത്തിയാകും എന്നു പ്രതീക്ഷിക്കുന്നു. താൽക്കാലികാടിസ്ഥാനത്തിൽ ദിവസക്കൂലിക്ക് നിയമിച്ച ഡേററാ എൻട്രി ഓപ്പറേററർമാരെക്കൊണ്ട് ജില്ലകളിലെ കമ്പ്യൂട്ടർ ഡിവിഷൻ വഴിയാണ് ഡേററാ എൻട്രി നടത്തുന്നത്.

1995-96-ലെ ആറാമത് അഗ്രികൾച്ചറൽ സെൻസസിന്റെ ഡേററാ പ്രോസസിംഗിന് ആവശ്യമായ ഡേററാ എൻട്രി ഷെഡ്യൂളുകളും അനുബന്ധ ജോലികൾക്കാവശ്യമായ പ്രോഗ്രാമുകളും (വാലിഡേഷൻ, ഓട്ടോ കറക്ഷൻ മുതലായവ) തയ്യാറാക്കി. പ്രസ്തുത സ്കീം നൂറു ശതമാനം കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയതാണ്. ഏതാണ്ട് 30% ജോലികൾ പൂർത്തിയായി.

## 1999-2000 വർഷത്തെ പദ്ധതി-പദ്ധതിയേതര ചെലവുകൾ

| ക്രമ നമ്പർ | പ്ലാൻ സ്കീം | ബഡ്ജററിൽ വക കൊള്ളിച്ച തുക (രൂപ ലക്ഷത്തിൽ) | ചെലവായ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 3454-02-111-98 ടി. ആർ. എസ്. (50% കേന്ദ്ര സഹായം) | 700.00 | 577.97 |
| 2 | 3454-02-111-91 എക്കണോമിക് സെൻസസ് (100% കേന്ദ്ര സഹായം) | 30.00 | 20.00 |
| 3 | 3454-02-112-97 ചെറുകിട ജലസേചനങ്ങളെക്കുറിച്ചുള്ള യുക്തമായ സ്ഥിതിവിവരക്കണക്കുകൾ (100% കേന്ദ്ര സഹായം) | 20.00 | 11.98 |
| 4 | 2401-01-111-99 കാർഷിക സെൻസസ് (100% കേന്ദ്ര സഹായം) | 30.00 | 15.63 |
| 5 | 3454-02-112-96 സർവ്വെ ആൻറ് സ്ററഡീസ് | 25.00 | 4.06 |
| 6 | 3454-02-203-98 ഡയറക്ടറേററിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കൽ | 15.00 | 4.15 |
| 7 | 3454-02-203-97 വാഹനം വാങ്ങുന്നതിനുള്ള പദ്ധതി | 8.00 | 7.35 |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | 3454-02-203-96 സ്ഥിതി വിവരക്കണക്കു വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്ന തിനുള്ള പദ്ധതി | 8.00 | 1.57 |
| 9 | 3454-02-203-95 ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ | 12.00 | 6.71 |
| | ആകെ | 848.00 | 649.42 |

| ക്രമ നമ്പർ | നോൺ പ്ലാൻ സ്കീം | ബഡ്ജററിൽ വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ) | ചെലവായ തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 3454-02-111-99 സംസ്ഥാന വരുമാന സ്ഥിതിവിവര ക്കണക്കു വിഭാഗം | 13.51 | 13.46 |
| 2 | 3454-02-111-97 വിലയിരുത്തൽ ഘടകം | 13.77 | 13.53 |
| 3 | 3454-02-111-93 മുനിസി പ്പാലിററികളിലെ ജനന മരണ സ്ഥിതിവിവര ക്കണക്കു വിഭാഗം ശക്തിപ്പെടുത്തൽ | 52.26 | 52.16 |
| 4 | 3454-02-112-99 ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററി സ്ററിക്സ് | 704.65 | 696.29 |
| 5 | 3454-02-112-98 ദേശീയ സാമ്പിൾ സർവ്വെ (എൻ. എസ്. എസ്.) | 57.64 | 57.40 |
| 6 | 3454-02-112-96 സർവ്വെയും പഠനങ്ങളും | 45.32 | 45.23 |
| 7 | 3454-02-203-99 തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്കുവേണ്ടി സ്ഥിതി വിവരക്കണക്കുശേഖരണം മെച്ചപ്പെടുത്തൽ | 77.25 | 76.68 |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | 2216-80-001-97 ഹൗസിംഗ് | 11.28 | 11.23 |
| 9 | 2402-00-102-90 സോയിൽ കൺസർവേഷൻ | 8.52 | 8.38 |
| 10 | 2852-80-800-97 ഇൻഡസ്ട്രിയൽ സ്ററാററിസ്ററിക്കൽ യൂണിററ് | 12.96 | 12.82 |
| | ആകെ | 997.16 | 987.18 |

## ഫാമിലി ബഡ്ജററ് സർവ്വെ

ജി. ഒ. (എം. എസ്.) നമ്പർ 65/97/എൽ.ബി. ആർ. പ്രകാരം കുടുംബ ബഡ്ജററ് സർവ്വെ നടത്തുവാൻ അനുമതി ലഭിക്കുകയും 1998 നവംബറിൽ തുടങ്ങി സർവ്വെ നാല് സബ് റൗണ്ടുകളിലായി 1999 ഒക്ടോബർ 31-ന് ചെയ്തു തീർക്കുകയും സർവ്വെ ഷെഡ്യൂളുകളും പ്രൈസ് ഷെഡ്യൂളും സ്ക്രൂട്ടണി നടത്തി കമ്പ്യൂട്ടർ ഡിവിഷനിലേക്കു നൽകുകയും ചെയ്തു. ഡേററാ എൻട്രി വരുത്തി പ്രോസസിംഗ് കൃത്യ സമയത്തുതന്നെ ചെയ്തു തീർക്കുകയും പ്രൊവിഷണൽ വെയിററിംഗ് ഡയഗ്രം 28-4-2000-ൽ കൂടിയ കമ്മിററി ഓഫ് ഡയറക്ഷൻെറ മുമ്പിൽ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. കമ്മിററി വിശദമായി പരിശോധിച്ചശേഷം ചില സർവ്വെ കേന്ദ്രങ്ങളിലെ ഡേററാ ഒന്നുകൂടി പരിശോധിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഈ സർവ്വെയുടെ അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുമ്പ് വെയിററിംഗ് ഡയഗ്രത്തിൻെറ അംഗീകാരം കമ്മിററിയിൽ നിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഇൻഡക്സ് നമ്പർ, ലിങ്കിംഗ് ഫാക്ടർ എന്നിവയ്ക്കും അംഗീകാരം വേണം. ഈ വിവരങ്ങൾ ബോദ്ധ്യപ്പെട്ട കമ്മിററി, സർവ്വെ റിപ്പോർട്ട് ഉണ്ടാക്കുക, പുതിയ ഇൻഡക്സ് കണക്കു കൂട്ടുക, ലിങ്കിംഗ് ഫാക്ടർ കണ്ടുപിടിക്കുക തുടങ്ങിയ ജോലികളുമായി ബന്ധപ്പെട്ട കുടുംബ ബഡ്ജററ് സർവ്വെയുടെ കാലാവധി 31-8-2000 വരെ നീട്ടി കിട്ടുന്നതിന് ഗവൺമെൻറിലേക്ക് അപേക്ഷിക്കുവാൻ തീരുമാനിക്കുകയുണ്ടായി. തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ 9-5-2000-ലെ പി. 6 (എഫ്. ബി. എസ്.) 14896/97/ഡി ഇ എസ്. കത്ത് പ്രകാരം സർവ്വെ പിരീഡ് 31-8-2000 വരെ നീട്ടിക്കിട്ടുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ റിപ്പോർട്ട് 31-8-2000-നു മുമ്പുതന്നെ കമ്മിററിക്കു സമർപ്പിക്കുവാനുളള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

2230-01-103-85 (പ്ലാൻ) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 1999-2000 വർഷത്തേക്ക് 10 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 9.85 ലക്ഷം രൂപ ചെലവാക്കുകയും ബാക്കി തുക ലേബർ കമ്മീഷണർക്ക് സറണ്ടർ ചെയ്യുകയും ചെയ്തു.

515

# DIRECTORATE OF ECONOMICS AND STATISTICS

**Organisation Chart—1999-2000**

